032:1y8 J42 CHAKRAVAKA SANDESAM. KUNJAN PILLAI.

032:1y8
J42

UNIVERSITY LIBRARY 14-6-1955 MADRAS

ഭാഷാഗ്രന്ഥാവലി—അങ്കം 89

Chakravaka Sandesam

# ചക്രവാകസന്ദേശം

(സവ്യാഖ്യാനം)

UNIVERSITY OF TRAVANCORE

പ്രസാധകൻ

**ശൂരനാട്ട കുഞ്ഞൻപിള്ള എം. ഏ.**

ഓണററി ഡയറക്ടർ

ഹസ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം.

1954/1130

പകർപ്പവകാശം സുരക്ഷിതം] [വില ഒരു രൂപാ

171821
39612
032:1y8
J42

# ചക്രവാകസന്ദേശം

## (പഴയ ഒരു മണിപ്രവാളകൃതി)

തിരുവിതാംകൂർ സർവ്വകലാശാലാ ഹസ്തലിഖിതഗ്രന്ഥശാലയിലെ 1162-B. എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് ഈ പ്രസിദ്ധീകരണം നിർവ്വഹിക്കുന്നത്. പ്രാചീനമണിപ്രവാളസാഹിത്യത്തിന്റെ മദ്ധ്യമണിയായി പ്രശോഭിക്കുന്ന 'ഉണ്ണുനീലിസന്ദേശ'ത്തോടു സാധർമ്മ്യം വഹിക്കുന്ന ഈ ചക്രവാകസന്ദേശം പലതുകൊണ്ടും ഗണനീയമായ ഒരു കൃതിയാണ്. നിർഭാഗ്യവശാൽ, പൂർവ്വസന്ദേശത്തിലെ 96 പദ്യങ്ങളും 97-ാംപദ്യത്തിന്റെ ആദ്യപാദവും മാത്രമേ കണ്ടുകിട്ടിയിട്ടുള്ളു. അത്രത്തോളം ഭാഗത്തിൽനിന്നു തന്നെ ഇതിന്റെ കർത്താവ് വശ്യവാക്കായ ഒരു കവിയാണെന്നു സഹൃദയന്മാർക്കു ബോദ്ധ്യപ്പെടും. ഇതുപോലെ പല സന്ദേശകാവ്യങ്ങളും അക്കാലങ്ങളിൽ എഴുതപ്പെട്ടിരുന്നിരിക്കണം. ലീലാതിലകത്തിൽ ഉദാഹരിച്ചിട്ടുള്ള ചില പദ്യങ്ങൾ അദ്യാവധി അജ്ഞാതങ്ങളായ ചില സന്ദേശകാവ്യങ്ങളിൽനിന്ന് ഉദ്ധരിച്ചിട്ടുള്ളവയാണെന്നു കവിതാസ്വഭാവംകൊണ്ടു നമുക്ക് ഊഹിക്കാൻ കഴിയും.

മഹാകവി ഉള്ളൂർ കേ. സാ. ചരിത്രം ഒന്നാം ഭാഗത്തിൽ 372-മുതൽ 375 വരെ പുറങ്ങളിലായി ഈ കൃതിയെപ്പറ്റി 'കോകസന്ദേശ'മെന്ന പേരിൽ പ്രതിപാദിച്ചിരിക്കുന്നു. ഉണ്ണുനീലിസന്ദേശം പോലെയോ അതിൽ അധികമായോ പഴക്കമുള്ള ഒരു കാവ്യമാണിതെന്നും, ക്രി. പി. പതിന്നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലെങ്കിലും ഇതു് ആവിർഭവിച്ചിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. തെളിവിനു വേണ്ടി പ്രസ്തുതകൃതിയിൽ കാണുന്ന ഏതാനും പ്രാചീനപദങ്ങളും അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നു. കവിതാഗുണംകൊണ്ടു നോക്കിയാൽ ഉണ്ണുനീലിസന്ദേശത്തിന്റെ കനിഷ്ഠസഹോദരത്വമാണ് ഇതിനു കല്പിക്കാവുന്നതു്.

ചേതിങ്കനാട്ടിൽ (ദേശിങ്ങനാട്, കൊല്ലം) നായകൻ ഒരു വസന്തകാലത്ത് പ്രിയതമയുമായി സുഖിച്ചിരിക്കുമ്പോൾ ഒരു രാത്രിയിൽ ദുഃഖിതനായി കാണപ്പെട്ടു. അതിന്റെ കാരണം ചോദിച്ച നായികയോടു് നായകൻ സ്വപ്നത്തിൽ സംഭവിച്ച പ്രണയിനീവിയോഗത്തിന്റെ കഥ പറഞ്ഞു കേൾപ്പിക്കുന്നു. ഒരു ആകാശചാരി ആ യുവാവിനെ നായികയിൽനിന്നു വേർപെടുത്തി തെക്കേ മലയാളത്തിൽ * വെള്ളോട്ടുകര എന്ന പ്രദേശത്താക്കുന്നു. അവിടെവെച്ച് ആ വിരഹപരവശൻ ഒരു ചക്രവാകത്തെ കാണുകയും, ആ പക്ഷിയെ സന്ദേശഹരനാക്കുകയും, കോട്ടയ്ക്കൽനിന്നു തെക്കോട്ടുള്ള വഴി പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ഇടപ്പള്ളിവരെയുള്ള വർണ്ണനംകൊണ്ടു കണ്ടുകിട്ടിയിടത്തോളം ഭാഗം അവസാനിക്കുന്നു. ബാക്കിഭാഗം ഇനിയും തേടിപ്പിടിക്കാൻ കഴിയുമോ എന്നു ഞങ്ങൾ പരിശ്രമിക്കുകയാണ്.

ഇതിലെ മാർഗ്ഗവിവരണത്തെപ്പററിയും സ്ഥലങ്ങളെപ്പററിയും ശ്രീ. പുത്തേഴത്തു രാമൻമേനോൻ തുടങ്ങിയ പണ്ഡിതന്മാരാണ് എനിക്കു വിവരം നല്കി സഹായിച്ചതു്. അവരോടുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ശൂരനാട്ടു കുഞ്ഞൻപിള്ള

---

* വെള്ളോട്ടുകര 'തൃപ്രങ്ങോട്' ആണോ എന്നു മഹാകവി സംശയിക്കുന്നു. ഞങ്ങൾക്കു കിട്ടിയിട്ടുള്ള അറിവ് ആ സ്ഥലം കോട്ടയ്ക്കൽ ആണെന്നാണ്. 'വെള്ളോട്ടിലെ അപ്പൻ' വെൺകിട്ടുതേവരു് (കോട്ടയ്ക്കൽ ശിവൻ) ആണെന്നു അറിയുന്നു. വെങ്കിട്ടക്കോട്ടയാണു കോട്ടയ്ക്കൽ എന്നു മലബാർ ഗസററിയറിലും കാണുന്നു. (മലബാർ ഗസററിയർ നാലാം ഭാഗം, പേജ് 130)

# ചക്രവാകസന്ദേശം

1

പൊൽപ്പൂമാതിൻ മിഴിനിഴൽ പൊഴിഞ്ഞൊരു ചേതിങ്കനാട്ടിൽ[1]
ചൊല്ലേററീടും നിജനിലയനേ കോഽപി കാമീ വസന്തേ
അപ്പോർകൊങ്കത്തടമഴകെഴും മാവിടത്തോടമൃഴ്ത്തി-
ത്തല്ലേ താനും പ്രിയതമയുമായ്‌ച്ചേർന്നിരിന്നാൻ കദാചിൽ.

2

അപ്പോൾ മൂർച്ഛാം തടവി നെട്ടുവീർപ്പിട്ടു നേത്രോല്പലാന്താദ്[2]
മുക്താൻ മുക്താമുറിനിറമെഴും ബാഷ്പവിന്ദൂൻ ദധാനഃ
സപ്രേയസ്യാ തഴുകി മുറയിട്ടെന്തിതെൻേറഷ പൃഷ്ടാ
ലബ്ധ്വാ സംജ്ഞാം ലളിതവദനാം താമിവണ്ണം ജഗാദ.

3

എന്നച്ഛാ! വന്നഴലിനിയുമുൾക്കാമ്പിലുജ്ജൃംഭതേ മേ
ഭിന്നച്ഛായം വപുരപി മയങ്ങിപ്പനിക്കിൻറുതിന്നും
നിൻ വിശ്ലേഷവ്യസനമിവിടെത്തോൻറകൊണ്ടൊട്ടിയമ്പി-
ക്കിം വാ മായാവിലസിതമിദം കിം കനാവോ ന ജാനേ.

4

വായ്ക്കും നിൻ വാരണിമുലയിൽ നിൻറങ്ങൊരാരാമവീഥ്യാ-
മാക്കപ്പെട്ടേനകരുണധിയാ കേനചിൽ ഖേചരേണ
വേപ്പെട്ടപ്പോഴവിടെ വിചരൻ കാപി വാപീതടേ ക-
ണ്ടാൾപ്പൂക്കിത്ഥം കനിവിനൊടു ഞാൻ ചൊല്ലിനേൻ ചക്രവാകം.

5

അപ്പാവെന്തേ[3] വിചരതി ഭവാനിപ്പുറം പോരു താണാ-
ദുൽഫുല്ലാംഭോരുഹമളിരവൈ[4]വസ്ത്താം വിളിക്കിൻറവാറ്

1. ദേശിങ്ങനാട്ട് (കൊല്ലം.)
2 മുദം എന്നു ഗ്രം. പാഃ
3 അപ്പാ എന്തേ.
4 അളിരവേകം എന്നു ഗ്ര. പാ.

അത്യാപത്താമളവിലുതകും ബാന്ധവപ്രാപ്തി തന്നോ-
ടൊത്തൊരർത്ഥാന്തരമയി സഖേ! മററു ചൊല്ലാവതില്ല.

6

ചന്ദ്രാവിദ്ധംതിരുമുകടിലേ വച്ചുകൊണ്ടാമലിക്കും
മന്ദാകിന്യാഃ കനകനളിനീമന്ദിരാവിർഭവന്തം
ഇൻറിപ്പൂംപൊയ്കയിലിതമെഴക്കൊണ്ടു വന്നാക്കിനോരാ-
രെൻറല്ലസ്മൽസുചരിതപരീപാകലക്ഷ്മീവിലാസം.

7

അന്തിക്കാലത്തളിനവവധൂവിപ്രയോഗേന നീ വ-
ൻറന്തസ്താപം കഥമപി പൊറുത്തങ്ങിരിക്കിൻറ പോലെ
ചെന്താരമ്പൻപരമധനമെൻ കാന്ത വേറായ് നിതാന്തം
സന്താപം പൂണ്ടഹഹ! വിഷമം ഞാനിയങ്ങിൻറവാറു്.

8

വേരിച്ചൊല്ലാർമണി ചെറുകര[1]ച്ചേർത്തുമെന്നോമൽ താനും
വേറിട്ടെന്നെക്കരുതി നിതരാം മാഴ്കുമിൻറെൻറു മന്യേ
നേരേ പൊയ്കയ്ക്കെതിർകരെ നില്ക്കിൻറ നിന്നോടകൻറാൽ
വേറല്ലല്ലീ പരിചു പതഗാധീശ! നിൻ വല്ലഭായാഃ?

9

എന്നെക്കാണാഞ്ഞഴിനില പെറും, ജീവിതാശാം വെറുക്കും,
മുന്നോ നിന്നാലതികരുണയാ സാ സമാശ്വാസനീയാ
മുന്നം മുന്നം കൊടിയ വിരഹോന്മാദവേഗേന വാട്ടം
തന്വംഗീണാം നിനവതിർ കടന്നൊട്ടു ചെല്ലൂ മനോഭൂഃ.

10

ചാതുര്യത്തിൻ വിളകഴനിയാം മങ്കമാർ മിക്ക യൂനാം
ചേതോരംഗേ തെളിവൊട്ടു കളിക്കിൻറ ചേതിങ്കനാട്ടു്
യാതവ്യം തേ മുഷ്ഠപരുചിതൈഃ പുണ്യപൂരൈർന്നരാണാം
മേതിന്മേൽ വന്നിതമെഴ വിളങ്ങിൻറ നാകോപമേയം.

---

1. 'ചെറുകരി' എന്നാണു ഗ്രന്ഥത്തിൽ.

11

കന്നാക്കണ്ണാർമുടിമണിയെ നീ ചെൻറുകണ്ടാശ്ലസിപ്പി-
ച്ചെന്നൊത്തൊട്ടത്തിരുമനസി വൻറാഴകാൽ തീരുമാറു്
ഉന്നിദ്രം മൽക്കുശലമറിയിപ്പിച്ചു തേടുൻറ പുണ്യം-
തന്നെക്കൊണ്ടേ ഭവതു ഭവതോ മിക്ക പാഥേയമെങ്ങും.

12

ഇൻറിപ്പോഴേ പെരികെയുഴറിപ്പോകിൽ നിന്നാണെ നാളെ-
ച്ചെൻെറത്താം തേ, മമ പുനരെടോ! നാലു നാൾകൊണ്ടു ചെല്ലാം;
എൻറാലേററം വിരവിനൊടു നീ പോക ഭൂലോകലക്ഷ്മീം
കുൻറാത്തീട്ടം കുചഭരനതാം മൽപ്രിയാം ദ്രഷ്ടുകാമഃ.

13

കൊത്തിക്കൊത്തിക്കമലകലികാകേസരാൻ വാസരാദൗ
പ്രത്യാവൃത്തപ്രിയസഹചരീജഗ്ദ്ധശേഷാൻ നിഷേവ്യ
മക്കപ്പൂമ്പൊയ്ക്കകളിൽ വിളയാടിൻറ ചക്രാഹ്വയാനാം
സൽക്കാരം കൊണ്ടവിടെയവിടെത്തോഴ! വൈകാത വേണ്ടും.

14

പള്ളിച്ചൂലത്തലകൊടു പിളർന്നിട്ടു മാറിൽത്തുളമ്പി-
ത്തള്ളും ചോരിക്കളിയിലമിഴക്കാലനെക്കൊന്റു വീഴ്ത്തി
ഉള്ളിൽ ക്കോപ്പേറിന കരുണയാ [1]ഭക്തരക്ഷാർത്ഥമസ്മിൻ
[2]വെള്ളോട്ടിൻ വായ്ക്കൂരെയമരുമെന്നപ്പനെക്കാൺക മുമ്പിൽ.

15

അംഗാർദ്ധേ ചേർത്തചലതനയാം തീവ്രവിശ്ലേഷഭീത്യാ
ഗംഗാം കററച്ചടയിടയിൽ വെയ്ക്കിന്റ കല്യാണമൂർത്തേ!
തുംഗം വെള്ളിത്തിരുമലയിളക്കും ദശഗ്രീവഗർവ്വിൻ-
ഭംഗം തോററും തവ പദയുഗം ഞാനിതല്ലോ തൊഴുന്നേൻ.

16

കുംഭിത്തോൽപോത്തരവമുടഞാണക്ഷമേന്തും പുരാനെ-
ക്കുമ്പിട്ടെൻറിപ്പരിചു കനിവിൽ ക്കാര്യസിദ്ധ്യൈ പുകണ്ണു്

---

1 ദക്ഷരക്ഷാർത്ഥം. എന്നു ഗ്രന്ഥത്തിൽ.

2 വെൺകിട്ടുത്തേവരു്—കോട്ടയ്ക്കൽ ശിവൻ ആണെന്നു തോന്നുന്നു.

അമ്പിൽക്കൂൻറിൻതിരുമകളെയും കൂപ്പി നേരേ കിഴക്ക-
[1]ച്ചെമ്പൊൽക്കൂൻറാട്ടര പൊരുതിട്ടും ഗോപുരേണ പ്രയാഹി.

17

വിദ്യാംഭോധേരഴക പൊഴിയും കൈവഴിച്ചാർത്തു പോലെ
ശിഷ്യശ്രേണീം ദിശി ദിശി തഴപ്പിച്ച രുദ്രപ്രസാദാൽ
[2]കണ്ടോർ വാഴ്ത്തും പരിമളമെഴപ്പൻറിയമ്പെള്ളിയുണ്ണി-
ക്കണ്ടൻ ചൊല്ലും യമകമിഹ തേ തൂർണ്ണമാകർണ്ണനീയം.

18

ഏണാമാത്മപ്രിയസഹചരീം മുൻ നടത്തി പ്രയാന്തം
ഭാനശ്രേണ്യാ സവിതുരധുനാ രഞ്ജിതാംഗം ഭവന്തം
കാണുന്നേരം ജനപദജനാഃ കല്പയിഷ്യന്തി നൂനം
കാശ്മീരംകൊണ്ടിഴുകിന നഭശ്രീസ്തനാഭോഗമെൻറു്.

19

ചെഞ്ചെമ്മേ പോംവഴി വിരചിതക്കൊററവാതിൽക്കു ചെല്ലും
കിഞ്ചിദ്വക്രം വലിയ തിരുനാവായ്ക്കു ചെൻറുള്ള മാർഗ്ഗം
[3]അപ്പോഴും നീയവിടെ നരകദ്വേഷിണം കണ്ടു പോവൂ
കർത്തവ്യാ ഹി പ്രഭുഷു പെരികച്ചുതമില്ലാത്ത സേവാ.

20

തിണ്ണം വേടക്കൊട്ടമയിൽ വെളിമ്പാടമേ ചാടിമാഴ്കി-
ത്തണ്ണിപ്പന്തൽക്കരികിലരയാൽമൂട്ടിലാമ്മാറിരിന്നു്
മുന്നിൽക്കാണാമവിടെ വഴിമേൽ പ്പാന്ഥർ പേരാററിലൂടേ
(ഉ)ന്നന്താവിക്കുളുർമയിലെഴും തെൻറലേൽക്കിൻറ വാറു്.

21

സ്പഷ്ടം പാരേഴിലുമുര പെറും വിക്രമം കൻറലക്കോൻ-
പട്ടം കെട്ടും മനകുലപതിം പ്രാപ്യ മാഘോത്സവാദൌ

---

1 ചെമ്പൊൽക്കൂൻറിൻ പെരുമ കവരും ഗോപുരേണാപരേണ—ഉണ്ണൂ. സന്ദേശം.
2 പന്നിയമ്പള്ളിവാരിയം ശ്രീ. പി. എസ്. വാര്യർ, ശ്രീ. പി. വി. കൃഷ്ണവാര്യർ മുതലായവരുടെ തറവാട് ആണെന്നു് അറിയുന്നു.
3 തിരുനാവാ വിഷ്ണുവിനെയാണു പരാമർശിക്കുന്നതു്.

ഒക്കത്തിക്കിത്തൊഴുതു വിടകൊണ്ടങ്ങു സാമന്തചക്രം
നിൽക്കിന്റേടം പുനരയി സഖേ! കാൺകവോത്തുപ്പറമ്പു്[1].

22

വാളമ്മമ്മാ കൊടിയ ചവളക്കാരവ്വിൽകാരരെന്റ–
ല്ലോളം (തള്ളി)ത്തെരുതെരെയടുക്കിന്റ ചേകോർ ചുഴന്റു്
ചാലച്ചേരും പെരുനിലയിലന്നാഴിയക്കോട്ടലാവ
ക്കാലേ യസ്മിൻ വിലസതി ധരാബ്ധീശമാമാങ്കവേലാ.

23

സാനന്ദം വന്നുഷസി മഴലക്കണ്ണിമാരൊക്കെ മാഘ-
സ്നാനം ചെയ്യുംപൊഴുതവർകളിൽ ചിത്ത,മംഭസ്സു ഗാത്രം
യൂനാം മഗ്നം ഭവതി നിതരാം യത്ര സാ ദർശനീയാ
വാനോർ പോലും കനിവൊടു വണങ്ങിന്റ പേരാറു[2]പാന്തേ.

24

ഉത്തംസം പോ(ൽ മഹിതമല) നാട്ടിന്നതിൻ തീരഭൂമൌ
മുക്തിക്ഷേത്രം ജയതി തിരുനാവായിതി പ്രൗഢകീർത്തി
തത്ര സ്വൈരം മരുവിന കടൽക്കന്യകാകാമുകം നീ
ഭക്ത്യാ കൂപ്പിത്തിരവിയ നിളാസിന്ധു[3]മുല്ലംഘയേഥാഃ.

25

ചാരത്താററിൻ മറുകരെ[4] നിലയ്ക്കിന്റ മുക്കണ്ണരെക്ക-
ണ്ണാരക്കോടിത്തൊഴുതു തരസാ തെക്കു നോക്കിത്തിരിഞ്ഞു്
വ്യോമോത്സംഗേ തെളിവൊടു പറന്നുച്ചകൈർഗ്ഗച്ഛതസ്തേ
ശ്രീമദ്ഗോവർദ്ധനപുരമെടോ മുമ്പിലാമ്മാറു കാണാം.

---

1 പ്രസിദ്ധമായ ഓത്തുപറമ്പു് (ഓത്തന്മാർമഠം). ഭാരതപ്പുഴയുടെ തെക്കേ തീരത്തു്.

2 ഭാരതപ്പുഴ.

3 നിളാസിന്ധു=ഭാരതപ്പുഴ.

4 ഭാരതപ്പുഴയുടെ തെക്കേക്കര. ഓത്തുപറമ്പിനടുത്തുള്ള ശിവക്ഷേത്രം.

26

വണ്ണെത്തും വൻപട മരുതലക്കൂററിൽനിൻറാട്ടി വെട്ടി-
പ്പിന്നേ വാങ്ങിച്ചിനിയ കുടയും കുത്തി മാറാടി നീക്കി
പൊന്നിൻകാളം പൊലിവെഴ വിളിപ്പിച്ച പോരാട വല്ലം
മന്നോർചൂളാമണി[1] തിരുമലച്ചേരി[2] മേവീട്ടമേടം.

27

അഞ്ചാതേ നിൻറണി കലയുമാറെറ്റു മുമ്പാഞ്ഞു വെട്ടി-
പ്പിൻ ചായാതേ പൊരുതു - - - - - - - - - - ഞ്ഞു്
വെൻറിക്കാലധ്വനിഭിരഖിലം പൻറിയൂർ[3]ക്കൂറരപ്പി-
ച്ചൻറൻറസ്മാൽ പ്രഭവതി - - - - - കൂററാർ ജയശ്രീ.

28

നിർഗ്ഗമ്യ ത്വം പുനരവിടെ നിന്റൊട്ടു മല്ലാടു ചെൻറാ-
ലഗ്രേ കാണാം പുഴ[4] മരുകടന്നാശു ഗവ്യൂതിമാത്രേ
ഗത്വാ പശ്യ പ്രകൃതിരമണീയം മണംപെററ പൂവിൽ-
ത്തള്ളും മത്തഭ്രമരമുഖരോദ്യാനമേകം പ്രദേശം.

29

നേരേ കാതം തികയുമവിണ്ടൂരിട്ടൽ പിന്നിട്ടു മാറ-
ഞ്ചേരിൽച്ചെല്ലു, പുനരവിടെ നീ തേവരെക്കൈവണങ്ങി
ആഴം കാണ്മാൻ പലരുമരുതെൻറിൻറ സൗജന്യസിന്ധോ-
രാഴാഞ്ചേരിക്ഷിതിസുരപതേരാലയം കണ്ടു പോക.

30

ദ്രഷ്ടവ്യം തേ മധുവിജയിനസ്സന്നിധാനേന ധന്യം
ചട്ടാറീട്ടും ജനമഹിതഗോവിന്ദപൂർവ്വം പുരം തേ

---

1 ചൂഡാമണി.

2 നാടുവാഴിയായ തിരുമലശ്ശേരി നമ്പൂതിരിയുടെ ഇല്ലപ്പേരു്. തിരുനാവായിൽ നിന്നു് അഞ്ചു മൈൽ ദൂരത്താണു് ഈ സ്ഥലം.

3 തിരുമലശ്ശേരിക്കും ശുകപുര (ശിവപുരം) ത്തിനും സമീപമുള്ള പന്നിയൂർ ഗ്രാമം.

4 വെളിയങ്കോട്ടു പുഴ.

വിപ്രാ യത്ര പ്രഥമപുരുഷം പേക്ഷഠാം നിന്നു കേൾപ്പി-
ച്ചപ്പോഴേ പോയമരവനിതാഗീതമാകണ്ണയന്തി.

31

കോറേറൻ[1] പോലേ ചുവ തടവുമാറത്തലപ്പള്ളി[2] മൂൻറാം
ക്രൂററിൻ പ്രജ്ഞാവിലസിതമുണർത്തിക്ഷമക്കാരംഖിലോകം
ഏററം പ്രീത്യാ പകലവതിയിൽപ്പൈങ്കിളിച്ചാത്തു ചൊല്ല-
ത്തോററിൻറീഷ്യാകുലമളികുലം ചിന്തു പാടീട്ടമേടഃ.

32

മുക്കാതത്തിൽപ്പൂരമവതി കൊണ്ടീട്ടമാറാത്തശോഭം
മുക്കിത്തേനിൽക്കഴകിനവചോഭംഗിമുഗ്ദ്ധാംഗനാഢ്യം
മുക്കാൽവട്ടസ്സ്വരിതസുരമുഖ്യോത്സവം പാൽക്കുടം വെയ്
മുക്കോർ കൊള്ളും നിലയനമമും ദേശമത്ര്യേഹി[3] മന്ദം.

33

സ്വൈരം മാർഗ്ഗേ പുനരത്തുമിത്തും കണ്ടു വൈകിക്കൊലാ നീ
വൈരത്തൂർ[4] ച്ചെന്നുഴറി നടകൊള്ളങ്ങു കാവീട്ടു നോക്കി
വൈരന്തോട്ടിൻറസുരശിരസാ വട്ടുരുട്ടിക്കളിക്കും
ഗൗരി യസ്മിൻ വിലസതി ജഗത്പാലനേ ജാഗരൂകാ.

34

അമ്പിൽക്കമ്പിട്ടചലതനയാം പിന്നെ നീ പോക, പോനാൽ
മുമ്പിൽ ക്കാണാമഥ കുരുവയൂരെൻറു[5] പേരാം പ്രദേശം
പിന്നെക്കാണാം പെരുവഴി കഴിച്ചൊട്ടെടത്തങ്ങു ചെൻറാ-
ലുന്നിദ്രാംഭോരുഹപരിമളോല്ലാസിതോയം തടാകം.

35

അപ്പൂമൊയ്യൂരികിൽ മുഴകിൻക്കൂട്ടമാത്തം കുഴറവും
പുഷ്പാരാമക്ഷിതിരുഹഫലടാരുഢാഫലമ്മാംശ്ശുതാപം

1 കോൽത്തേൻ.
2 പുന്നത്തൂർ നമ്പിടി.
3 ഏതു ദേശമെന്നു വ്യക്തമാകുന്നില്ല.
4 പുന്നത്തൂരിൻറ അയൽപ്രദേശം.
5 ഗുരുവായൂർ. (?)

ദൃപ്യദ്ദന്താവളകടതടീഘൃഷ്ടമാണിക്കവപ്രം
ശില്പശ്രീ ചേൎന്നുയര വിലസും ഗോപുരാലിംഗിതാഭ്രം.

36

ചാലപ്പൊന്നിൻകൊടിമുകളിൽ നിന്നൂയലാടും പതാക-
ജ്ജാലേകത്തിന്നിടയിലുമിഴും ധൂപസൗരഭ്യസാരം
നാനാവാദ്യധ്വനിമുഖരിതം ശാൎങ്ഗപാണേൎന്നിവാസ-
സ്ഥാനം പ്രാപ്യ പ്രണമ ശിരസാ നീ തദീയം പദാബ്ജം.

37

ഉച്ചക്കാലത്തവിടെ വടിവിൽച്ചെന്നു സോപാനപാൎശ്വേ
തിഷ്ഠന്തീനാം കുവലയദൃശാം ദേവപൂജാവസാനേ
പൃഥ്വീദേവേശ്വരകരതലോന്മുക്തതീൎത്ഥാംബുസിക്തം
വക്ത്രം ഭാതി പ്രതിനവസുധാസ്യന്ദി വെൺതിങ്കൾ പോലെ.

38

വമ്മേന്നാട്ടെപ്പഥി[1] പുനരതിക്രമ്യ പോവോരു നേരം
മമ്മാ! കാണാമതികുടിലധീസങ്കടം വെൺകിടങ്ങ്[2]
തമ്മിൽക്കാണാതെയുമൊരിരിവായിന്റു നാട്ടാക്കൾ കേട്ടാ-
ലൊണ്ണേ തോന്നും പരിചു മറയോർ കാളയാടാകുമേടം.

39

പച്ചത്തെങ്ങിൻതഴവഴി തഴയ്ക്കും വഴിക്കാരിമുക്കെ-
പ്പശ്ചാൽ കൃത്വാ പരിമളമെഴും കാററുമേററാത്തലീലം
മുച്ചൂററൂർ[3]പ്പുക്കഥ തെരുതെരെപ്പോയിനാലഗ്രതസ്തേ
ദൃശ്യാ ചെന്താമരമലർചുവന്നന്തിയാം നന്തിയാറു്.

40

തിങ്ങും വായ്ക്കല്ലിടയിലിടറിത്തല്ലി മേല്പോട്ടുലാവ-
ല്പൊങ്ങും വീചീവിചയനദ്ധ്വണൽകാരശാലീ നഭസ്വാൻ

---

1 വെമ്മേനാടു്.
2 വെങ്കിടങ്ങ്—വെമ്മേനാടിനു സമീപമുള്ള ദേശം.
3 തൃശ്ശിവപേരൂരിൽനിന്നു 8 മൈൽ പടിഞ്ഞാറായി, അന്തിക്കാട്ടിനു സമീപത്തുള്ള പ്രദേശം.

നിന്മേൽ മന്ദം തടവി നിതരാം നിർമ്മലൈരംബുലേശൈഃ
കമ്രം ത്രുമുത്തണിയുമവിടെച്ചെൻറട്ടപ്പോരു നേരം.

41

കണ്ടിപ്പായിക്കിടയിൽ വിരിയും പദ്മഷണ്ഡേ കളിക്കും
വണ്ടിൻചാർത്തും കളകളമിളൽസാരസാരാവരമ്യാം
കണ്ടാലേററം തെളിമ പെട്ടമന്നന്തിയാറോ കടന്നാ-
ലുണ്ടക്കംസാന്തകനു [1]പുറയാറെൻറാരാവാസഭ്രമി.

42

താർമാതും പാർവനിതയുമുടൻ ചേന്ന പദ്മാസനസ്ഥം
കാർമേഘാഭം കരധൃതഗദാശംഖചക്രാരവിന്ദം
ശ്രീവത്സാങ്കം നളിനനയനം പ്രൗഢശീതാംശുബിംബം
ശ്രീമദ്വക്ത്രം മുരമഥന! നിൻ കോലമിന്നും തൊഴന്നേൻ.

43

എൻറീവണ്ണം തൊഴുതു കമലാവല്ലഭം വാഴ്ത്തി മെല്ലെ-
ച്ചെൻറ ശ്രീമണ്ഡപഭുവി മനോമോഹനം കൃത്തു കണ്ടു്
തിങ്ങിത്തിങ്ങിത്തണൽമരമിരണ്ടോട്ടവുഞ്ചെന്ന മാർഗ്ഗേ
തങ്ങിത്തങ്ങിത്തവ പൊലിവെഴും ചൂരലൂർ കണ്ടു ചെല്ലാം.

44

തിക്കാരം കൊണ്ടിളകിവരുമക്കാമനെച്ചുട്ടു നെററി-
ത്തൃക്കണ്ണിൽത്തീപ്പിതർ ചിതറുമെൻ തമ്പുരാനൻപമേടം
അക്കുൻറിൻപെണ്ണടിമലരമിഴ്ത്തിൻറാ പുണ്യപ്രദേശം
- - - - - - - - - - - - - ൻറച്ചരെക്കാതമൊണ്ടു്.

45

കാട്ടും കാട്ടിച്ചില മിരികവും മിക്ക [2]കാക്കത്തിരുത്തി-
ത്തോട്ടം പിന്നിട്ടിതവിയ [3]തിരുപ്പോക്കളം കണ്ടുകണ്ടു്

---

1 തൃപ്രയാറാണെങ്കിൽ അവിടെ രാമനാണു് പ്രതിഷ്ഠാമൂർത്തി. അതിനാൽ കൃഷ്ണക്ഷേത്രമായിരിക്കാം.

2 ഇരിങ്ങാലക്കുടയ്ക്കു 4 മൈൽ പടിഞ്ഞാറു്.

3 തൃപ്പാക്കളം.

ഛാമാക്ഷീണാം കളി കമ(റ)മച്ചാടിയാണ്ടാൻകളത്തിൻ
വാമേൽക്കൂടത്തട[1]ന ഗുണകാഭ്യാശഭ്രമിം ഭജേഥാഃ.

46

അപ്പാൽ നിൻെറ തവ മതിലകം കാണലാം കാന്തിലക്ഷ്മീ-
മപ്പോമഞ്ചത്തരുണതരുണീസങ്കുലോത്തുംഗസൌധം
ഇപ്പാരേഴും പരികലതമേൽ വച്ചു തുള്ളിക്ക വല്ലും
പൊൽപ്പൂവാണ്ണൻ തിരുവടി പുറംകാവൽ കാത്തീടുമേടം.

47

ചെൽവഞ്ചേന്നക്ഷണകയിലകം പുക്ക നീ തെക്ക നോക്കി-
ച്ചെല്ലുന്നേരത്തിത[2]ചിയ പെരുംകോയിൽ കാണാം പുരാരേഃ
അല്ലിത്താർമൽക്കുഴലികൾ കരാൽക്കണ്ണരെത്തല്ലി മാററും
മല്ലക്കണ്ണിൻമുനയിൽ മലർവില്ലാളിയെത്തേററുമേടം.

48

ചെമ്മേ കാണ്മാനരുതു കുണകത്തന്നുരാനെ ദ്വിജന്മാർ-
ക്കെൻറാൽ നീയും തൊഴുക പുറമേ നിൻറു തോഴാ! തെളിഞ്ഞു്;
പിന്നെക്കാണാം ചതിയിൽ മുതിരും വാണിയക്കാരർ തമ്മിൽ
തിണ്ണം പേചിത്തെരുവിലുടനേ വാണിയം ചെയ്യുമാറു്.

49

അപ്പോൾക്കേൾക്കാമവിടെയൊരിടത്തന്തരാ മാററാലിക്കൊ-
ണ്ടഭ്രധ്വാനോദ്ഭടവെടി നിഷാണാരവാഭോഗഭീമം
ഏറ്റാനാടാന്നിതമെഴുമിളംക്രൂരു തന്നാഴിയക്കോ-
ട്ടേറ ത്രാസാവഹമസുഹൃദാമെമ്മിളാക്കാത്തിഹാരി.

50

നാട്ടും വീടും നിരവധി തകത്തിട്ടു താന്മുന്നു നോക്കി-
ക്കൂട്ടുന്നേരം പെരികളിയരാർ വാങ്ങിനാ വമ്പു കാട്ടി
ക്കൂടക്കൂടത്തപനവിഗമേ കൂത്ത മിന്നാമിനുങ്ങിൻ
കീടച്ഛായാം തടവിന രിപൂൻ പിന്നെയും ജേതുകാമം

---

1 തൃക്കണ്ണാമതിലകത്തിൻെറ പ്രാന്തപ്രദേശം.

2 തിരുവഞ്ചിക്കുളം.

51

തീവച്ചെല്ലാപ്പുറവുമടലാർക്കോട്ട ചുട്ടംബരേ പോയ്-
ത്താവിപ്പൊങ്ങും പൊടിനികരമാദിഗ്വധൂകേശബന്ധേ
ശ്രീമൽ കീർത്തിപ്പൂത്തുമലർ തൊടുക്കിൻറ തൃക്കൈയ്യിൽ വച്ചി-
പ്പാർമുട്ടെത്താങ്ങിന നെടുവിരിപ്പിൽത്തകം വീരസിംഹം

52

ഉർവ്വീപാലോത്തമമുടമയിൽക്കാൺക, കണ്ടാലുപാന്തേ
സർവ്വാദിത്യൻചിറയത്തു[1] പുറപ്പെട്ട നിന്നാൽ നിഷേവ്യം;
ഉദ്ധോല്ലാസം തളിയിലിളമാൻകണ്ണിമാർ കണ്ണിടെക്കൊ-
ണ്ടൂടേ താവും കയൽനിര ചിടിച്ചനൊൻറു ജേലയും. (?)

53

കൊൻറത്തെങ്ങിൽക്കിളികൾ കളികോലും കിടങ്ങൂർച്ചിറയ്ക്കൽ
ചെൻറക്കാമപ്പുഴയു(മു)ടനെ[2] കോതപൂർവ്വം പറമ്പ്
മുന്നെച്ചെൻറച്ചെറുമികൾ കളത്തിൽ(?)ക്കിടക്കിൻറുതാകിൽ
പിന്നെപ്പിന്നേ വഴി കഴിവളം കേൾക്കലാം ഭാഷണം തേ.

54

പണ്ടേ വൈരം മുഴവനകമേ വച്ചു നോക്കിപ്പുറക്ക-
ങ്ങാണ്ടാക്കിട്ടക്കാപ്പൊടു കുണകയും വഞ്ചിയും കൂടെ വാണു
തണ്ടാരമ്പൻ പൊരുത നിചയുണ്ണാഞ്ഞു കാടേററിയേററം
തെണ്ടിക്കിൻേറാ ചില പുരഹരന്മാരെ നീ കാൺക പിന്നെ.

55

കാർവണ്ടേറും മത്തുമലർ പൊഴിഞ്ഞഞ്ചിതം ശ്രീ[3] കുരുംബ-
ക്കാവങ്ങേടം കനിവിലവിടെച്ചെൻറു നീ കാണ വേണ്ടും
ദേവാരീണാം വപുഷി ചൊരിയും ചോരിയാം വാരിരാശൗ
നാവാമൌർവ്വാനലശിഖ തിരട്ടിൻറ മാകാളി തന്നെ.

---

1. തിരുവഞ്ചിക്കുളത്തിനു സമീപം.
2. കൊടുങ്ങല്ലൂർ നിന്നു് ഒരു മൈൽ വടക്കു്.
3. കൊടുങ്ങല്ലൂർ കുരുംബാദേവി.

56

വട്ടച്ചേർററം തുടമെഴുമിളന്നീർ കുടിക്കും കണക്കേ
വെട്ടിത്തൂക്കിത്തല ദനുഭവാം ചോരിവെള്ളം പിബന്തീം
ഒട്ടേ വെള്ളച്ചെകിറിണ വിളങ്ങിച്ചിരിണ്ടങ്ങു മാനം
മുട്ടത്തട്ടുംപടി നെടിയളാം കാളിയെക്കൂപ്പൂ പിന്നെ.

57

കട്ടിച്ചുച്ചെരിളകിയലറിപ്പാഞ്ഞു പൊട്ടിച്ചിരിച്ചു-
ക്ഖട്വാംഗം കൊണ്ടുടലിലസുരാൻ നിർദ്ദയം മർദ്ദയന്തീ
പക്കച്ചോരിക്കളിയിടയിടേ നക്കി നട്ടം കുനിച്ചു-
ങ്ങൊക്കക്കൂളിപ്പട ചുഴല നിൻറാക്ഷമമ്മേ! തൊഴുന്നേൻ.

58

ഇത്ഥം ഭക്ത്യാ ഭുവനജനനീം വാഴ്ത്തി നിശ്ശേഷസമ്പൽ-
കർത്താരം ചിങ്ങപുരമമരും[1] ദേവദേവം വണങ്ങി
ഗത്വാ മുല്ലാടരയകുളമാം[2] താമരപ്പൊയ്കയിൽച്ചെ-
ന്നസ്തം ഭാനൗ വിശതി തിരുവഞ്ചക്കുളം പൂക നീയും.

59

മാററാർനെഞ്ചിൽക്ഷതരുമുടവാളേന്മേൽ പുരണ്ടൊരു ചോരി
ച്ചാററാലൂട്ടപ്പെട്ടുമുരുഭുജസ്തംഭഗംഭീരസാരഃ
കോറോഃനാലുംമൊഴികൾമലർവില്ലാളിയാം മാടമന്നൻ
ക്രൂരാരുള്ളിൽക്കുളുർമ്മ വിളയുംമാറു പാലിക്കുമേടം.

60

എൻചങ്ങാതിക്കലർചരനു കീഴ്‌വന്ന വല്ലായ്മയിന്നും
ചെഞ്ചെമ്മേ നീ പുരഹര! പൊരിൾക്കൊൾകിലെന്താശ്ചര്യം മേ
കുൻറിൽപ്പെണ്ണത്തിരുമുടി പിടിച്ചീഴ്ത്ത മുക്കണ്ണകണ്ണെ
ചെൻറീവണ്ണം കുളുർമതി പൊരുത്തം പറഞ്ഞീടുമേടം.

61

ചാട്ടും വൈതാളികതതി വലത്തിട്ടു കൈക്കൂപ്പിയെല്ലാ-
പ്പാട്ടും പൊങ്ങും ജനകളകളപ്രൗഢസംഗീതകേളിഃ

---

1. ചിങ്ങപുരം (ശൃംഗപുരം) കൊടുങ്ങല്ലൂർ നിന്നു് ഒരു മൈൽ തെക്കു്.
2. അരാകുളം.

ഈടൂറ്റം വാദ്യധ്വനിയിലിടചേൎന്നുജ്ജ്വലദ്വേദഘോഷം
കേടാറീടും വിഭവമവിടെക്കാൺക മുക്കണ്ണർകോയിൽ.

62

ചൂടുംപൊന്നിൻതകടു ചരമക്ഷ്മാഭൃതോ, വ്യോമലക്ഷ്മീ
വാടാമാലക്കുഴലിലണിയും ബാലമാണിക്യഖണ്ഡം,
ചൂടേറും തൻകൊടുവെയിൽ തനക്കേ പൊറായെന്റപോലെ-
ച്ചാടുന്റാ പോയ്യൂടലിലധുനാ ഹേലയാ ഭാനുമാലി.

63

വീഴക്കണ്ടിട്ടപരജലധൗ ഭാനുമന്തം കനക്ക-
ക്കോഴപ്പെട്ടാ നളിനികളിരുട്ടിച്ചിതാശാമുഖാനി
ആഴക്കിന്മേൽ നളിനതെളിതേൻ കൊണ്ടുകൊണ്ടായതോളം-
താഴക്കണ്ടിട്ടളികുലമളിച്ചാൎത്തു പാടിന്റു പാട്ടു്.

64

ചാമ്പിത്താർവാടികളിൽ വരിവണ്ടിണയെക്കൊണ്ടു മണ്ടി-
ച്ചാമ്പൽപൂംപൊയ്കകളിലുതിരും പൂമ്പരാഗം തടഞ്ഞു്
ഓമ്പിച്ചുങ്ങിപ്പുനലിൽ മുഴകും മങ്കമാർകുന്തൽമേൽനി-
ന്നാമ്പിച്ചിന്നും പരിമളഭരാ വാന്തി മൂവന്തിവാതാഃ

65

അൎക്കേണ്ണാഃ പ്രീതിം ജനയതി നമുക്കഭ്രമാം പുഷ്കരിണ്യാം
രക്താംഭോജം, ഫുല്ലസൃന്നതിലകം രാത്രിയാം കമ്രഗാത്ര്യാഃ,
മുക്കണ്ണൻ കണ്മുനയിലുരികിന്റംഗജാംഗാരചക്രം,
തിക്കെട്ടിന്നും ചുടരണിവിളക്കഞ്ചിതം ചന്ദ്രബിംബം.

66

ഇപ്പാത്തട്ടാം തളികയിൽ നിലാവാന പാൽക്കഞ്ഞി വീഴ്ത്തി-
ച്ചുള്ളപ്പെന്നിന്റിള്ള മുഹൂരത്തിൽ കൂട്ടവെട്ടിച്ചകോരാഃ
ഇത്ഥം മത്വാ ലവണസലിലം വീചിഹസ്തൈരുയൎത്തി-
പ്രത്യാസന്നേ ശശിനി ചുഴലപ്പോന്നു പൊങ്ങീ പയോധി.

67

ഏവം മൂവന്തിയെ നിറമെഴക്കണ്ടു വാഴ്ത്തും ജനാഢ്യേ
പ്രാരബ്ധേ ശ്രീബലിമഹവിധൗ തത്ര കുത്രാപി നിന്റാൽ

കാണാം കൊററക്കുടനിഴലിൽ വെഞ്ചാമരം വീചി മന്ദം
പേർത്തും ദന്താവളഗളതടാരൂഢമേണാങ്കചൂഡം.

68

ഓലക്കം ചേർന്നഴിയുമണിവെൺചായൽ തോളേമലൊതുങ്ങ-
ച്ചാലച്ചാമ്പീടിന കയൽവരിക്കൺവിലാസങ്ങൾ പൊങ്ങ
നീളക്കാണാമത്തുവഴി(യി)രണ്ടൊട്ടവും പൊന്മതിന്മേൽ
കാലത്തേ പോന്നഴക പിചകിപ്പൂക്ക തന്വംഗിമാരെ.

69

അപ്പോൾ കാന്താവിരഹവിധുരോ നീയുമെന്നെക്കണക്കേ
സപ്രത്യാശം മുറുകിയൊരു പൂംപൊയ്ക വാമേലൊഴിഞ്ഞു്
സ്വപ്രേയസ്യാ പുലരുമളവിൽപ്പിന്നെയും കൂടിയൊട്ടേ
നില്പൂ നിൻറാലിഹ പുനരുഷാവർണ്ണനം കേൾക്കലാം തേ.

70

വെങ്ങാലിപ്പൂ ഹരിഹയഹരിച്ചക്രം, എൻറല്ല മേന്മേൽ
തിങ്ങിച്ചേരും തിമിരപടലം പങ്ങി ഓടത്തുടങ്ങി;
നങ്ങീ താരാനികരമണിവെൺതിങ്കളസ്താദ്രിശൃംഗേ
തങ്ങിത്തങ്ങിക്കടലിലത പോയ് നാൽവിരൽപ്പാടു താണു.

71

ധന്യാ ഭാനോഃ പുലരിവഴിവെള്ളാട്ടി ഭാനുക്കളെന്നും
പൊന്നിൻചൂൽകൊണ്ടിരുൾമയമടിക്കാടടിച്ചങ്ങു നീക്കി
ഇമ്പം ചേരും ഗഗനഭവനം ചുററുമുററത്തളിപ്പാ-
നംഭോരാശൗ ശശധരകുടം കാൺക മുക്കിൻറ വാറു്.

72

അന്ധധ്വാന്താടവിയെ മുഴവൻ ചുട്ടുപൊട്ടിച്ച ശാന്തേ
സന്ധ്യാദാവേ വളവിയ നിലാവാന വെണ്ണീറടങ്ങ
വെൺമേഘംകൊണ്ടുഴുതു പകൽവിത്താൽ നിറച്ചംശുമാനാ-
ണെന്നെല്ലുമ്മേൽ കതിർനിര പുറപ്പെട്ടതല്ലോ വിഭാതി.

73

അച്ഛാ! മല്പാടിദമുദയതേ മിക്ക ശൈലാധിപത്യേ
നില്ക്കും പൂർവ്വാചലമുകുടമാണിക്യരത്നപ്രവേകം,

ശച്യാഃ കല്പദ്രുമകിസലയാപീഡകല്പം, കിഴക്ക-
ന്തിക്കാം പെണ്ണിന്മുലയിൽ വിലസും താലി വാലാർക്കബിംബം.

74

മന്ദം മന്ദം മലയശിഖരാൽ പോന്നു ചൂർണ്ണീതരംഗാൻ
ഭിന്ദന്നാന്ദോളിതതളിവധൂ മന്ദിരോദ്യാനവൃന്ദഃ
തന്ദ്രീമിന്ദീവരമലരിലുത്പാദയൻ പേർത്തുമാധ്വീ-
വിന്ദുസ്യന്ദീ വിഹരതിതരാമേഷ വൈശ്യേമവായുഃ.

75

ആരാരാമതേ! മഹിതതിരുവഞ്ചിക്കുളം മേവുമപ്പാ!
പാരാതേ നീ തുയിലെഴ തെളിഞ്ഞെന്റിവണ്ണം പുകണ്ണു്
പാടും വൈതാളികപരിഷദാം പാട്ടു കേട്ടാശു ഗത്വാ
[1] ബാലക്രീഡാപരമവിടെ നീ കാൺക ബാലം ഗണേശം.

76

ഭ്രൂയസ്സംഭാവയ വിയനെഴും ചേരമാന്നാട്ടു ചില്ലി-
ത്തുയത്താകും നൃപകുലപുരീം നിർജ്ജിതസ്വർഗ്ഗശോഭാം
താരാർമാതിൻ ചപലചരിതപ്പോക്കൊട്ടങ്ങല്ലൂരെ(ന്നും)
പേരാണ്ടീരേഴുലകിലുമുലാവിന്റ നാനാഭിരാമം.

77

[2] മാരക്രീഡാരഭസജനിതോദ്വേലഖേദാലസാനാം
വാരസ്ത്രീണാം വളരിളമുലക്കുന്റിലേറിക്കിടന്നു്
വാരിക്കൊണ്ടശ്രമജലകണാൻ കട്ടു പൂഞ്ചോലയൂടേ
പോരക്കണ്ടിട്ടളികരം അനിലം വിൻതയാന്നാക്കമേടം.

78

എത്തിപ്പൊന്മാളികമുകടിൽ നിന്റാത്മബിംബം പിടിപ്പാൻ
തത്തിക്കൂട്ടും തരുണികളുടേ ചാപലപ്രൗഢി കണ്ടു്
മുക്താജ്യോത്സ്നാസ്മിതരുചി കരാഗ്രേണ ചമ്മാത്തു കാട്ടി-
ത്തെറ്റെന്റാടിക്കുളിർമതി കളിച്ചുംബരേ താവുമേടം.

---

1 കൊടുങ്ങല്ലൂരിനു സമീപം.

2 'മാരക്രീഡാമഹലഹളയിൽ' എന്നു തുടങ്ങുന്ന മയൂരസന്ദേശപദ്യത്തിനു് ഇതുമായുള്ള സാദൃശ്യം സ്മരിക്കുക.

79

ആടിക്കാലത്തുടനടമഴക്കാറു കണ്ടുൾക്കനം കെ-
ട്ടാടിക്കൂടി പ്രകടിതരസം തമ്മിലേററം കലന്നു്
കൂടക്കൂടപ്പുരിയ കടലും ചൂർണ്ണി[1]യാറും കളിക്കി-
ന്റേടം കാണാം പ്രിയസഖ! നിനക്കത്രെ മല്ലാട്ടു ഭൂയഃ.

80

കാറേറാടോളം കടലിലുയരത്തോററി മേലേററി മണ്ടും
പാററിന്മേലേ വലയുമുളിയും കൈപ്പിടിച്ചുഗ്രമേണ
ഏററം വമ്പേറിന ചുറകമീൻ കൊൻറുകൊൻറിട്ടു മുക്കോ-
രാററൂടേ വന്നണയുമത്തുകൊണ്ടത്ര വൈകായ വേണ്ടും.

81

തൂനീരെന്നും തുകിലഴകെഴും വീചിഹസ്തേന താങ്ങി-
ക്കാന്തം കണ്ണിപ്പൂരികുഴൽ വിരിച്ചുക്കയൽക്കണ്ണലാവ
ആയാന്തീം താമുദധിദയിതാം കണ്ടുകൊണ്ടാടി മാർഗ്ഗേ
വേഗാൽപ്പിന്നെ പ്രവിശതു ഭവാൻ[2] മംഗലം ചേന്നപൂർവ്വം.

82

മാരിത്തക്കത്തൊട്ടു നടവരമ്പിട്ടു ചൂഴും പരക്ക-
ച്ചേരും നീർമേലുഴുതു മരചേറിട്ടു കണ്ടങ്ങൾതോറും
ഓരാളിന്മേലിളകി വളരും നെല്ലിഴാലിച്ചു മൈത്ര-
ന്നോരോ പാടേ പെരിക വിളയും പാടമേ പോക പിന്നെ.

83

കൊയ്യും കാലായരികിലുടനേ നട്ടുനില്ക്കും കരിമ്പിൻ-
തയ്യും വാഴപ്പുനവുമണയച്ചേരുമാർങ്ങാവിലൂടേ
പയ്യച്ചെല്ലുമ്പൊഴുതു-രിമൺവേലി കാണാം തവാഗ്രേ
നിയ്യൽപ്പങ്കേരുഹപരിമളോൽഗാരിവാതോത്തരംഗം.

84

വീരന്മാരാം നെടിയ തളിയിൽച്ചേർന്ന വിപ്രേശ്വരന്മാ-
രോരോ പാടേ മരുവി മഹിതം മിക്ക നാരീനരാഢ്യം

---

1. പെരിയാറു്.
2. ചേന്നമംഗലം

പാരേഴിന്നും മണിമകുടവൽ പാഞ്ഞുചെന്നാങ്ങുമൊക്ക-
ച്ചീരേറും ചൊല്ലുടയ പറവൂർഗ്രാമമങ്ങേത്തു പിന്നെ.

85

ഗത്വാ ചെൽവം പെരിയ പെരുവാരത്തകം പുക്ക കൻറിൻ-
പുത്രീവക്ത്രാംബുജമധുകരം ദേവദേവം വണങ്ങി
നത്വാ ഭക്ത്യാ കഥകന മലർപ്പൊയ്ക്കയിൽ പോയിരുന്നി-
ട്ടധ്വാക്ലേശം കിമപി തളരക്കണ്ടു നീ വാഴ്ത്ത വേണ്ടും.

86

പ്രാലേയാംശുപ്രഗളിതസുധാശീതളം മൗലിദേശേ
ഫാലേ ചാലക്കൊടിയ ദഹനജ്വാലയാ താപ്യമാനം
ആലം വിങ്ങും ഗളമഗസുതാലിംഗനാബദ്ധസൗഖ്യം
കാലാരേ! നിൻ വപുരുടനുടൻ തോഷണം ഭീഷണം മേ.

87

ഈവണ്ണം നീ തെളിവൊടു കുരാൽക്കണ്ണരെക്കണ്ടു വാഴ്ത്തി-
ച്ചെമ്മേ പോവാൻ തുനിക മുരക(ം)ത്ര പോവോരു നേരം
പൈയ്യെത്തീപ്പ്രാണരുളുമളിനാം വായിലെപ്പൂമലർത്തേൻ
പെയ്യ്ക്കാണാം പെരുവഴിയടുത്തുള്ള പൂങ്കാവുതോറും.

88

കൂവീടപ്പാലരികു വഴിയേ ചെൻറു നീ കമ്പിടമ്പിൽ
പൂവിട്ടച്ചെർമരകരം തൊഴും വള്ളുളിത്തമ്പുരാനെ
സേവാസേവൈവർഴകിയ കൃപാവല്ലിയെത്തസ്യ പൂപ്പി-
ച്ചാവിർമ്മോദം വിരവിലുളനാട്ടിന്നു ചെല്ലങ്ങു പിന്നെ.

89

അപ്പോൾക്കാണാമെരുമ കരയും പാന്ഥരെക്കൊണ്ടു മണ്ടി-
ച്ചിപ്പോൾത്തല്ലിത്തല ചിതറിനൊണ്ടെന്റു പേയും പറഞ്ഞു്
അപ്പാളത്താറുടനുടനുറപ്പിച്ചു നട്ടുച്ചനേര-
ത്തപ്പാ പട്ടപ്പടരിലടികാൽക്കീഴ് കിടന്നോട്ടമാറു്.

90

പേരാ പേറാ മതനനൊടിടഞ്ഞന്തരാ തോററു താനേ
നേരേ പാതിത്തിരുവുടൽ കൊടുത്തദ്രിരാജാത്മജായാഃ

ക്കുറില്ലാശ്ശാൻ മരുപകതിയിൽപ്പിന്നെ മുപ്പത്തുമൂന്റാം
ക്കുറ്റിട്ടൺപും ത്രിപുരഹരനെത്തത്ര നീ കണ്ടു പോക.

91

ഉച്ചക്കാലത്തിളകിവരുമക്കാററലച്ചാററുവാമേ-
ലുച്ചൈശ്ചാലത്തല കല്യപില്യക്കിന്റ തെങ്ങിൻതഴപ്പും
പച്ചപ്പെട്ടന്നടുതല വഴിപ്പെട്ടലാവും പറമ്പും
പശ്യൻ വേഗാൽപ്പുഴ മരുകടന്നധ്വശേഷം ഭജേഥാഃ

92

ചേരാനല്ലൂർവഴി കരുതിതക്കാൽനടപ്പോമവക്കും
ചേരുംവണ്ണം നഭസി പതതാം താദൃശാം കാ ക്വചൈവ?
ആരാൽക്കാണാമവിടെ വഴിമേൽ മാഹിഷേ മൂർദ്ധ്നി തി(ർ)ക്കാ-
ലാരച്ചേരും നിഖിലഭുവനാതങ്കസിദ്ധൗഷധം തേ.

93

പ്രാലേയാദ്രൗ കല്ലർമ തടവും കല്പകക്കാവിൽ മേവി-
ത്താലിക്കീഴ്നിന്റിളകുമിളമക്കൊങ്കമേൽക്കുന്തൽ ചിന്ത
നീലക്കണ്ണിൻമിഴില പൊഴിയിച്ചോരു പൊന്നൂഞ്ഞലാടും
ബാലപ്പെണ്ണേ! തവ മദകളം പാട്ടു പാലിക്ക നമ്മെ.

94

ഇത്ഥം പ്രാർത്ഥിച്ചിളമതിമണിഞ്ഞമ്മുതൽക്കന്നി തന്നെ
സ്സൂതപാ തൂർണ്ണം തദനു പുകണക്കാവു നോക്കി പ്രയാഹി
യത്ര സ്വൈരം വസതി വസുധാവാസിനാമത്തൽ തീർപ്പാൻ
തൃക്കണ്ണൂടേ തടവിന കൃപാമുദ്രയാ ഭദ്രകാളീ.

95

കാണിന്റാം നീ മഹിതമലനാടാം മണിച്ചെപ്പിലൺപും
പൂണാരം, താർവനിതവരിവണ്ടിന്നു ഫുല്ലാരവിന്ദം
ക്ഷോണീപാലാവലി തിറയിടും തെന്തളിത്തമ്പുരാൻ താൻ
നീണാറം വാഴും പുരവരമിടപ്പള്ളി മുല്ലാടു പിന്നെ.



MUL
171821

൨൬

കേടററീട്ടം വസുസതി മഹാവാഹിനീജ്ജുഷ്ടപാൎശ്വം
പ്രൗഢേന്ദ്രാണീകൃതപരിചയൈഃ സ്ത്രീജനൈഃ സേവ്യമാനം
ആഭാത്യാനന്ദിതബുധകുലം യജ്ഞയന്താത്തരാഗാൽ
ദേവേന്ദ്രേണ സ്വപുരമിവ ഭൂമണ്ഡലം ചാരു നീതം.

ചെമ്മേ പിന്നെപ്പെരുവഴി വലഞ്ഞങ്ങിരിക്കൊട്ടിട......

(അപൂൎണ്ണം)

# ചക്രവാകസന്ദേശം

(ടിപ്പണി)

1— പൊൽപ്പൂമാതു്=പൊൽപ്പൂവിലെ മാതു്, ലക്ഷ്മീഭഗവതി. മിഴിനിഴൽ=കണ്ണിന്റെ ശോഭ. ചേതിങ്കനാട്ടു്=ജയസിംഹനാട്ടു്, കൊല്ലം. [രവിവർമ്മസംഗ്രാമധീരന്റെ പിതാവായ ജയസിംഹനിൽനിന്നാണു് ഈ പേരു വന്നതു് എന്നു പ്രസിദ്ധി].

2— മുക്താമുറിനിറമെഴും=മുത്തിന്റെ മുറിയുടെ നിറമുള്ള. ബാഷ്പബിന്ദൂൻ=കണ്ണീർക്കണങ്ങളെ. ദധാനഃ=ധരിക്കുന്നവനായി. പൃഷ്ടഃ=ചോദിക്കപ്പെട്ടവനായി. ലബ്ധ്വാ സംജ്ഞാം=ബോധം കിട്ടീട്ടു്. താം=അവളോടു്. ജഗാദ=പറഞ്ഞു.

3— ഉജ്ജൃംഭതേ=പൊന്തിവരുന്നു. മേ=എനിക്കു്. ഭിന്നച്ഛായം=ശോഭ കെട്ട. വപുഃ=ശരീരം. വിശ്ലേഷവ്യസനം=പിരിഞ്ഞതുകൊണ്ടുള്ള വ്യസനം. ഇയമ്പി=ശബ്ദിച്ചു എന്നു അർത്ഥം. ഇവിടെ ആ അർത്ഥത്തിനു വലിയ പ്രസക്തിയില്ല.

4— വാരണിമുല=ഭംഗിയുള്ള ആഭരണങ്ങളോടുകൂടിയ മുല. ആരാമവീഥ്യാം=ആരാമത്തിന്റെ വീഥിയിങ്കൽ. (പൂന്തോട്ടത്തിലെ വഴിയിൽ). അകരുണധീയായ ഏതോ, ഖേചരനാൽ=ആകാശസഞ്ചാരിയാൽ. വിചരൻ=സഞ്ചരിക്കുന്നവനായി. കാപിവാപീതടേ=ഏതോ ഒരു കുളക്കരയിൽ. ആരംപ്പൂക്കു് എന്നതിന്റെ അർത്ഥം സ്പഷ്ടമല്ല.

5— അപ്പാവെന്തേ=അപ്പാ എന്തേ; അപ്പാൽ എന്തേ എന്നാണെങ്കിൽ അപ്പുറത്തു് എന്തുകൊണ്ടാണു് എന്നു് അർത്ഥം വരും. അപ്പുറത്തു് എന്തിനു സഞ്ചരിക്കുന്നു; ഇപ്പുറത്തു പോരാം എന്നാണു് പ്രകൃതത്തിനു് യോജിക്കുന്ന അർത്ഥം. താണാദ് എന്നുള്ളതിന്റെ അർത്ഥം വ്യക്തമല്ല. ഉത്ഫുല്ലാംഭോരുഹം=വിടന്ന താമര, അളിരവൈഃ=വണ്ടിന്റെ ശബ്ദങ്ങളാൽ, ത്വാം=നിന്നെ, വിളിക്കിന്റവാറു്=വിളിക്കുന്നതുപോലെ, ഭവാൻ, അപ്പാലെന്തേ വിചരതി=അപ്പുറത്തു് എന്തിനു സഞ്ചരിക്കുന്നു.

6— ചന്ദ്രാവിദ്ധം=ചന്ദ്രനാൽ ഭൂഷിതമായ. മുകട്ട്=മുകൾ, മൗലി. ചന്ദ്രക്കല അണിഞ്ഞ (ശിവന്റെ) ജടയിൽ വച്ച് ഓമനിക്കുന്ന മന്ദാകിനിയുടെ = ഗംഗയുടെ, കനകനളിനീമന്ദിരത്തിൽ നിന്നും, ഭവന്തം=ഭവാനെ, ഇൻറ്=ഇന്ന്, ഈ പൂമ്പൊയ്കയിൽ, ഇതമെഴ=സുഖമായി, കൊണ്ടുവന്നാക്കിയത്, എന്റെ സുചരിതപരിപാകലക്ഷ്മീവിലാസം അല്ലാതെ എന്താണ്?

7— ചെന്താരമ്പന്റെ പരമധനമായ എന്റെ കാന്ത=കാമന്റെ സമ്പത്തായ എന്റെ പ്രിയ. സന്ധ്യയ്ക്ക് ചക്രവാകമായ നിനക്ക് പ്രിയാവിരഹംകൊണ്ടുള്ള ദുഃഖം ഉണ്ടാകുന്നതുപോലെ കാന്താവിരഹംകൊണ്ട് ഞാനിപ്പോൾ ദുഃഖിക്കുന്നു എന്നു സാരം. സന്ധ്യയ്ക്കു ചക്രവാകത്തിനു വിരഹം സംഭവിക്കുന്നു എന്നു കവിസങ്കേതം.

8— വേരിച്ചൊല്ലാർമണി=മധുഭാഷിണികളിൽ രത്നം. മന്യേ=ഞാൻ വിചാരിക്കുന്നു.

9— അഴിനില = അഴിഞ്ഞ നില = ദുഃഖം. പെറും=സിദ്ധിക്കും. സാ=അവൾ. സമാശ്വാസനീയാ=സമാശ്വസിപ്പിക്കപ്പെടേണ്ടവളാണ്. തന്വംഗീനാം=സുന്ദരിമാരുടെ. മനോഭൂഃ=കാമദേവൻ.

10— വിളകഴനി=വിളനിലം. മിക്ക യൂനാം=മികച്ച യുവാക്കളുടെ. ചേതോരംഗേ=മനോരംഗത്തിൽ. തേ=നിനക്ക്. യാതവ്യം=പോകേണ്ടതാണ്. മുഹുഃ=വീണ്ടും. നരാണാം=നരന്മാരുടെ. ഉപചിതൈഃ പുണ്യപൂരൈഃ=സമ്പാദിച്ച പുണ്യങ്ങളാൽ. മേതിന്മേൽ=ഭൂമിയിൽ വന്നു വിളങ്ങുന്നു. നാകോപമേയം=സ്വർഗ്ഗതുല്യമായ, ദേശിംഗനാട്ട് പോകണമെന്നു സാരം.

11— കന്നക്കണ്ണാൾ=കന്നം വരെ നീണ്ട കണ്ണോടുകൂടിയവൾ— സുന്ദരി. കന്നൽക്കണ്ണ് എന്ന രൂപം ഭ്രമകല്പനയാണ്. മുടിമണി=ശിരോരത്നം. ആഴ്കാൽ=ദുഃഖം. ഭവതു=ഭവിക്കട്ടെ. ഭവതഃ=ഭവാന്. പാഥേയം=വഴിച്ചോറ്. എന്റെ സുഖസ്ഥിതിയെപ്പറ്റി പ്രിയയെ അറിയിച്ച് ഉണ്ടാകുന്ന പുണ്യം കൊണ്ട് നിനക്കു ധാരാളം പാഥേയം ഉണ്ടാകട്ടെ.

12— ഉഴറിപ്പോകിൽ=വേഗത്തിൽ പോയാൽ. ഭൂലോകലക്ഷ്മിയും കുന്നൊക്കുന്ന കുചഭരം കൊണ്ടു്, നതയും=കുനിഞ്ഞവളും, ആയ എന്റെ പ്രിയയെ, ദ്രഷ്ടുകാമഃ=കാണാൻ ആഗ്രഹിക്കുന്നവനായി, പോക.

13— വാസരാദൗ=പ്രഭാതത്തിൽ, പ്രിയസഹചരിയാൽ ജഗ്ധമായതിന്റെ=തിന്നതിന്റെ, ശേഷാൻ=ശേഷിച്ച, കേസരാൻ=കേസരങ്ങളെ, നിഷേവ്യ=ഭുജിച്ചിട്ടു്. തിരിച്ചു വന്നു്, മക്കപ്പൂമ്പൊയ്കകൾ=മക്കങ്ങൾ=ആമകൾ നിറഞ്ഞ പൂമ്പൊയ്കകളിൽ, വിളയാടുന്ന ചക്രവാകങ്ങളുടെ സൽക്കാരം അവിടവിടെ കൈക്കൊണ്ടു് വൈകാതെ പോകണം.

14— പള്ളിച്ചൂലത്തലകൊടു്=പള്ളിച്ചൂലത്തിന്റെ തലകൊണ്ടു്. ചോരിക്കളി=ചോരക്കുഴമ്പു്. അമിഴ=അമിഴത്തക്കവണ്ണം. വെള്ളോട്ടിൻവായ്ക്കുമെ ശിവനെക്കാണണം എന്നു ശേഷം.

15— അംഗാർദ്ധേ=ശരീരത്തിന്റെ പാതി ഭാഗത്തു്. അചലതനയാ=പാർവ്വതി. കററച്ചടയിടയിൽ=കററപോലെയുള്ള ജടയുടെ ഇടയിൽ. വെള്ളിത്തിരുമല=കൈലാസം.

16— കുംഭിത്തോൽ=ആനത്തോൽ. പോത്തു്=വസ്ത്രം. അരവം=സർപ്പം. അക്ഷം=രുദ്രാക്ഷം. ഇപ്പരിചു്=ഇപ്രകാരം. കാര്യസിദ്ധ്യൈ=കാര്യസിദ്ധിക്കു വേണ്ടി. പുകണ്ണു്=സ്തുതിച്ചു്. കുന്റിൻതിരുമകൾ=പാർവ്വതി. ചെമ്പൊൽക്കുന്നോടു്=മേരുപർവ്വതത്തോടു്. ഉര പൊരുന്ന ഗോപുരത്തിലൂടെ. പ്രയാഹി=പോയാലും.

17— വിദ്യാംഭോധേഃ=വിദ്യാസമുദ്രത്തിന്റെ. ദിശിദിശി=ദിക്കിൽ ദിക്കിൽ. രുദ്രപ്രസാദാൽ=രുദ്രന്റെ പ്രസാദംകൊണ്ടു്. (രുദ്രൻ എന്ന പേരിലുള്ള ഗുരുവാണെന്നു തോന്നുന്നു.) പന്നിയപ്പള്ളി ഉണ്ണിക്കണ്ടൻ ചൊല്ലുന്ന യമകം, തേ=നിനക്കു്, തൂർണ്ണം=വേഗം, ആകർണ്ണനീയം=കേൾക്കാവുന്നതാണു്.

18— ഏനാം ആത്മപ്രിയസഹചരീം = ഈ ആത്മപ്രിയസഹചരിയെ. പ്രയാന്തം=പോകുന്ന. സവിതുഃ=സൂര്യന്റെ. ഭാനുശ്രേണ്യാ=രശ്മികളാൽ. രഞ്ജിതാംഗം ഭവന്തം=നിറംപിടിപ്പിക്ക

പ്പെട്ട നിന്നു. ജനപദജനഃ=നാട്ടിൻപുറത്തെ ആളുകൾ. നഭഃശ്രീസ്തനാഭോഗം=ആകാശലക്ഷ്മിയുടെ തികവൊത്ത മുല. ചക്രവാകമിഥുനം ആകാശത്തിൽ കൂടി പറക്കുമ്പോൾ സൂര്യരശ്മി ഏററു് മിന്നുന്നതു കണ്ടു് ആളുകൾ ആകാശലക്ഷ്മിയുടെ മനോഹരസ്തനങ്ങളാണെന്നു് വിചാരിക്കും.

19—കൊററവാതിൽ=രാജദ്വാരം. (ഏതോ കൊട്ടാരവാതിലോ കോട്ടവാതിലോ ആയിരിക്കാം.) കിഞ്ചിദ് വക്രം=അല്പം വളഞ്ഞു്. നരകദ്വേഷിണം=നരകദ്വേഷിയെ=കൃഷ്ണനെ(വിഷ്ണുവിനെ). ചേതമില്ലാത്ത സേവ ചെയ്യേണ്ടതുതന്നെയാണല്ലോ എന്നു സാരം.

20—വേടക്കൊട്ടുമയിൽ=വേനലിൻെറ കാഠിന്യത്തിൽ. പേരാറു്=ഭാരതപ്പുഴ. നാലാം വരിയുടെ ആദ്യത്തെ അക്ഷരം വ്യക്തമല്ലാത്തതുകൊണ്ടു് അർത്ഥം സ്പഷ്ടമല്ല. തെൻറൽ=ഇളങ്കാററു്. (തെക്കൻകാററു്).

21—കുൻറലക്കോൻപട്ടം=കുന്നലക്കോൻ എന്ന പട്ടം. വിക്രമം മനുകുലപതിഃ=വിക്രമനെന്ന രാജാവിനെ. മാനവിക്രമൻ എന്ന ബിരുദനാമം സാമൂതിരിമാർക്കു് ഉള്ളതാണു്. പ്രാപ്യ=പ്രാപിച്ചിട്ടു്. മാഘോത്സവാദൗ=മാമാങ്കോത്സവത്തിൻെറ ആദിയിൽ. ഓത്തുപ്പുറമ്പു്=ഓത്തുപറമ്പു് (മാമാങ്കോത്സവത്തിൻെറ ആദിയിൽ കുന്നലക്കോനാതിരിയായി പട്ടം കെട്ടുന്ന സാമൂതിരിപ്പാട്ടിലെ മുമ്പിൽ സാമന്തന്മാർ ചെന്നു വണങ്ങുന്ന സ്ഥലമാണു് ഓത്തുപറമ്പു്)

22—വാളമ്മമ്മാ!=വാൾ അമ്മമ്മ!. ചവളക്കാരർ=കുന്തക്കാരർ. വാൾക്കാരും കുന്തക്കാരും വിൽക്കാരും ആകുന്ന ചേകോന്മാർ ഓളംപോലെ ചുഴന്നു അടുക്കുന്ന, പെരുനിലയിൽ=രാജകീയാഡംബരങ്ങളോടു കൂടി നില്ക്കുന്ന അവസരത്തിൽ. യസ്മിൻ കാലേ=യാതൊരു കാലത്താണോ; ധരാബ്ധീശൻെറ=കരയ്ക്കും കടലിനും അധിപതിയായ സാമൂതിരിയുടെ എന്നു സാരം. മാമാങ്കവേലാ വിലസതി=മാമാങ്കവേല ശോഭിക്കുന്നു.

23—ഉഷസി=പ്രഭാതത്തിൽ. മഴലക്കണ്ണിമാർ=മനോഹരമായ കണ്ണോട്കൂടിയവർ. ഇതു് ഭ്രമകല്പിതമായ ഒരു അവ്യക്തരൂപമാണു്. മഴലമൊഴിമാർ അവ്യക്തമായി സംസാരിക്കുന്നവർ-കൊഞ്ചിപ്പറയുന്നവർ എന്നായിരിക്കണം ആദ്യരൂപം. അർത്ഥബോധമില്ലാതെ മഴലമിഴിമാർ, മഴലക്കണ്ണിമാർ, എന്നാക്കിയതായിരിക്കാം. മഴലുക എന്നതിന്നു് ആകർഷിക്കുക എന്ന അർത്ഥവും ഉണ്ടായിരുന്നോ എന്നു സംശയിക്കണം. മാഘസ്നാനം ചെയ്യുമ്പോൾ, യൂനാം=യുവാക്കന്മാരുടെ, ചിത്തം=മനസ്സ്, ആ സുന്ദരിമാരിലും അവരുടെ ഗാത്രം, അംഭസ്സ്=വെള്ളത്തിലും, മഗ്നം ഭവതി=മുഴുകുന്നു. യത്ര=യാതൊരിടത്താണോ. ആ പേരാറു്, ഉപാന്തേ ദർശനീയാ=അടുത്തു കാണാവുന്നതാണു്.

24—മഹിതമലനാട്ടിന്നു്=പ്രശസ്തമായ മലയാളദേശത്തിന്നു് ഉത്തംസംപോൽ=ശിരോലങ്കാരംപോലെ. അതിൻ തീരഭൂമൗ=ആ പേരാറിന്റെ കരയിൽ. തിരുനാവാ എന്നു പ്രൗഢകീർത്തിയായ, മുക്തിക്ഷേത്രം=മോക്ഷസ്ഥാനം, ജയതി=ജയിക്കുന്നു. തത്ര=അവിടെ, ഒസാരമായി മരുവുന്ന കടൽക്കന്യകാകാമുകനെ=വിഷ്ണുവിനെ, ഭക്തിയോടേ കൂപ്പി. തിറവിയ=വലിപ്പമുള്ള, നിളാസിന്ധുവിനെ=ഭാരതപ്പുഴയെ, ഉല്ലംഘയേഥാഃ=കടക്കണം.

25—മുക്കണ്ണനെ=ശിവനെ. വ്യോമോത്സംഗേ=ആകാശത്തിന്റെ അങ്കതലത്തിൽ. ഉച്ചൈഃ=ഉയരെ. ഗച്ഛതഃ തേ=പോകുന്ന നിനക്കു്.

26—മറുതലക്കൂററിൽ=ശത്രുപക്ഷത്തിൽ. കടകത്തി മാറാടി എന്നുള്ളതു് വ്യക്തമല്ല. പൊന്നിൻകാളം=പൊന്നിൻകാഹളം. പോരാട വല്ലും=യുദ്ധംചെയ്യാൻ സാമർത്ഥ്യമുള്ള. മന്നോർ ചൂളാമണി = മന്നോർക്കു ചൂഡാമണി. യുദ്ധവീരനായ തിരുമലശ്ശേരി നമ്പൂരിയുടെ സ്ഥലമാണു് എന്നു് അർത്ഥം.

27— അഞ്ചാതേ = ഭയപ്പെടാതേ. അണി കുലയുമാറു് = അണി തെറവുമാറു്. വെന്റിക്കാലധ്വനിഭിഃ=ജയകാലശബ്ദങ്ങളാൽ

പന്നിയൂർക്കൂറു് = പന്നിയൂർക്കൂറും ചൊവ്വരക്കൂറും . കേരള ചരിത്രത്തിൽ പ്രസിദ്ധമാണല്ലോ. പന്നിയൂർക്കൂറിനെ ഉറപ്പിക്കുന്നതായിരിക്കും തിരുമലശ്ശേരിയുടെ യുദ്ധസാമൎത്ഥ്യം എന്നായിരിക്കും ഇവിടത്തെ അൎത്ഥം.

28—നിർഗമ്യ=പോയിട്ടു്. ത്വം=നീ. അഗ്രേ=മുമ്പിൽ. ഗവ്യൂതിമാത്രേ=രണ്ടു ക്രോശമാത്രം. ഗത്വാ=പോയിട്ടു്. പശ്യ=കണ്ടാലും. മണമുള്ള പൂവിൽ തത്തിക്കളിക്കുന്ന മദിച്ച വണ്ടുകൾ നിറഞ്ഞ ഉദ്യാനത്തോടുകൂടിയ പ്രദേശം കാണണം.

29—ആഴ്‌വാഞ്ചേരി മനയ്ക്കൽ പോകണമെന്നു സാരം. അരുതെന്റിന്റ=അരുതെന്നു പറയുന്നു.

30—ഗോവിന്ദപൂൎവ്വം പുരം=ഗോവിന്ദപുരം. തേ ദ്രഷ്ടവ്യം=നിനക്കു കാണാവുന്നതാണു്. മധുവിജയിനഃ=മധുവൈരിയായ വിഷ്ണുവിൻെറ, സന്നിധാനംകൊണ്ടു് ധന്യവും ചട്ടററ ജനങ്ങളെക്കൊണ്ടു് മഹിതവുമായ ഗോവിന്ദപുരം എന്നുചേരുന്നു. യത്ര=യാതൊരിടത്താണോ. വിപ്രാഃ=ബ്രാഹ്മണർ. പ്രഥമപുരുഷം=വിഷ്ണുവിനെ, പേക്കഥ കേൾപ്പിച്ചു് അപ്പോൾ തന്നെ പോയി അമരവനിതകളുടെ ഗീതം, ആകൎണ്ണയന്തി=കേൾക്കുന്നു. ഭഗവാൻെറ മുമ്പിൽ പേക്കഥകൾ ആലപിച്ചു് ഉടനേ മുക്തി നേടുന്നു എന്നു സാരം.

31—കോഴററൻപോലെ=കോൽത്തേൻപോലെ. ചുവ=സ്വാദു്. അക്കാരം ചിലോകം എന്ന പ്രയോഗം വ്യക്തമാകുന്നില്ല. ചിലോകഃ=ശ്ലോകം. തലപ്പള്ളിയെപ്പററി ശ്രീ. സി. കുഞ്ഞൻ രാജാ താഴെപ്പറയുന്ന നോട്ടു് എഴുതീട്ടുണ്ടു്. "തലപ്പിള്ളി രാജവംശത്തിൽ ചേൎന്ന മണക്കുളം, പിറളയം, എലിയങ്ങാട്ടു് എന്നീ സ്വരൂപങ്ങളിലേയ്ക്കാണു് ഇപ്പോൾ ഊരാണ്മ. ക്ഷേത്രത്തിൻെറ പടിഞ്ഞാറു ഭാഗത്തു് തലപ്പിള്ളി രാജവംശത്തിലേ ശാഖയായ മണക്കുളം സ്വരൂപത്തിൻെറ ഒരു താവഴിയായ ചിററഞ്ഞൂർ രാജാക്കന്മാരുടെ വാസസ്ഥലങ്ങളിൽ ഒന്നായ വടക്കേടത്തു് മഠപ്പാട്ടു് (കോവിലകം) ഇപ്പോഴും ഉണ്ടു്. ആദ്യകാലത്തു മണക്കുളത്തിൽ രാജാവു് മാത്രമായി

രുന്നു തലപ്പിള്ളി രാജാവ്. മൂപ്പിൽ നിന്ന് കക്കാട്ടുകാരണവപ്പാട്ടും ഇളംകൂറ് മണക്കുളം വലിയതമ്പുരാനും, മൂന്നാംകൂറ് ചിററഞ്ഞൂര് വലിയ തമ്പുരാനും ആയിരുന്നു. ചന്ദ്രോത്സവം എന്ന മണിപ്രവാളകാവ്യത്തിലെ 'കണ്ടൻകോത' ഈ രാജാവു തന്നെയാണ്. ഇപ്പോഴും ചിററഞ്ഞൂർ രാജാവിൻെറ സ്ഥാനപ്പേരുകളുടെ കൂട്ടത്തിൽ 'തലപ്പിള്ളി ഉടയ അയ്യനേവയെന്നും' 'ചിററിലപ്പിള്ളി ഉടയ കണ്ടൻകോത' എന്നും ചേക്കാറുണ്ട്. തോററിന്റു=ഉണ്ടാകുന്ന.

32—സുന്ദരിമാർ നിറഞ്ഞ ഈ ദേശം ഏതാണെന്ന് വ്യക്തമല്ല. മുക്കാൽ വട്ടം ക്ഷേത്രത്തിൽ ഇന്ദ്രോത്സവം നടത്തിയിരുന്ന സ്ഥലമാണ് എന്ന് സൂചിപ്പിക്കുന്നു. പാൽക്കുടം വെയ്മുക്കോർ എന്നതിൻെറ അത്ഥം സ്പഷ്ടമല്ല. മുക്കുവർ പാല്ക്കുടം വയ്ക്കുന്ന ആചാരം അവിടെ ഉണ്ടോ എന്നറിവില്ല. അത്യേഹി=കടന്നു പോയാലും.

33—ഉഴറി-വേഗത്തിൽ. കാവീട്ട് എന്ന സ്ഥലം നോക്കി പോകണമെന്ന് സൂചന. അവിടെ ഒരു ഭഗവതിക്ഷേത്രമുണ്ടെന്ന് തുടർന്നു പ്രസ്താവിക്കുന്നു. യസ്മിൻ=യാതൊരു ദേശത്താണ് ജഗത്പാലനേ=ലോകരക്ഷണത്തിൽ ജാഗ്രൂകയായ, ഗൗരി=പാർവ്വതി, ശോഭിക്കുന്നു.

34—അചലതനയാം=പാർവ്വതിയെ. പോന്നാൽ=പോയാൽ. കുരുവയൂർ=ഗുരുവായൂരാണെന്നു തോന്നുന്നു. വികസിച്ചുവരുന്ന, അംഭോരുഹങ്ങളുടെ=താമരകളുടെ, പരിമളംകൊണ്ട് ഉല്ലസിക്കുന്ന തോയത്തോടുകൂടിയ തടാകം-ഏതെന്ന് വ്യക്തമാകുന്നില്ല.

35—മുരികിൻകൂട്ടം=വണ്ടിൻെറ കൂട്ടം. ആർത്തം കുഴറവും=ശബ്ദമുണ്ടാക്കുന്ന. പുഷ്പങ്ങൾ നിറഞ്ഞ ആരാമത്തിലെ ക്ഷിതിരുഹങ്ങളുടെ ഫലദകളാൽ=മരക്കൂട്ടങ്ങളാൽ, രുദ്ധമായ=തടയപ്പെട്ട, ഘർമ്മാംശുവിൻെറ=സൂര്യൻെറ, താപം=ചൂടോടു കൂടിയതും, ദൃപ്യത്തായ=അഹങ്കരിക്കുന്ന, ദന്താവളങ്ങളുടെ=ആനകളുടെ കടതടികളാൽ=കവിൾത്തടം കൊണ്ട്, ഘൃഷ്ടമായ=ഉരയ്ക്കപ്പെട്ട മാണിക്കവപ്രം=മാണിക്യക്കോട്ടയോടു കൂടിയതും, ശില്പശ്രീ

ഭേന്ദ്=ശില്പഭംഗിയോടേ,ഉയരവിലസ്യ=ഉയൎന്ന ശോഭിക്കുന്ന, ഗോപുരത്താൽ ആലിംഗനം ചെയ്യപ്പെട്ട, അഭ്രത്തോട്=ആകാശത്തോട്ട കൂടിയതും.

36—ചാലേകം=ജാലകം=ജന്നൽ. ഉമിഴം=പുറപ്പെടുന്ന=ജാലകത്തിന്റെ ഇടയിൽക്കൂടി പുറപ്പെടുന്ന ധൂപസൗരഭ്യസാരത്തോട്ട കൂടിയതും, നാനാവാദ്യങ്ങളുടെ ധ്വനിയാൽ, മുഖരിതം=ശബ്ദപൂൎണ്ണവും, ആയ, ശാൎങ്ഗപാണേഃ=ശാൎങ്ഗപാണിയുടെ-വിഷ്ണുവിൻെറ, നിവാസസ്ഥാനത്തെ പ്രാപിച്ചിട്ട് നീ ശിരസ്സുകൊണ്ട് അനുഗ്രഹത്തിൻെറ പാദാബ്ജത്തെ പ്രണമിച്ചാലും.

37—സോപാനപാൎശ്വേ=സോപാനത്തിൻെറ പാൎശ്വത്തിൽ. തിഷ്ഠന്തീനാം കുവലയദൃശാം=നില്ക്കുന്ന സുന്ദരിമാരുടെ. ദേവപൂജാവസാനേ=ദേവപൂജയുടെ അവസാനത്തിൽ. പൃഥ്വീദേവേശ്വരൻെറ=ബ്രാഹ്മണൻെറ=ശാന്തിക്കാരൻെറ, കരതലത്തിൽനിന്ന്, ഉന്മുക്തമായ=വീണ, തീൎത്ഥജലത്താൽ, സിക്തമായ=നനച്ച; വക്ത്രം എന്നതിനെ വിശേഷിപ്പിക്കുന്നു. സുന്ദരിമാരുടെ, വക്ത്രം=മുഖം. അങ്ങനെ, ഭാതി=ശോഭിക്കുന്നു. എന്നു താത്പൎയ്യം. പ്രതിനവസുധാസ്യന്ദി=പ്രതിനവമായ=പുത്തനായ. സുധാസ്യന്ദി=അമൃത് ഒഴുകുന്ന ചന്ദ്രനെപ്പോലെ.

38—വേമ്മേനാട്ടിനെപ്പററിയാണ് ഇവിടെ പരാമൎശിക്കുന്നത്. പഥി=വഴിയിൽ. അതിക്രമ്യ=കടന്നിട്ട്. ഉത്തരാൎദ്ധത്തിൻെറ അൎത്ഥം സ്പഷ്ടമാകുന്നില്ല.

39—അഗ്രത=മുമ്പിൽ തേ=നിനക്ക്. ദൃശ്യാ=കാണാവുന്നതാണ്. ചെന്താമരമലരിൻെറ ചുമപ്പുകൊണ്ട് സന്ധ്യാഭ്രാന്തിയുണ്ടാക്കുന്ന നന്തിയാറിനെപ്പററിയുള്ള പരാമൎശം സുന്ദരമായിരിക്കുന്നു.

40—ഉലാവ=ഉലാവുമ്പോൾ. വീചീനിചയനത്തിൻെറ=തിരക്കൂട്ടത്തിൻെറ, ഝണത്കാരത്തോടുകൂടിയ നഭസ്വാൻ നിൎമ്മലങ്ങളായിട്ടുള്ള വെള്ളത്തുള്ളികളാൽ തിരമാല കല്ലിലടിച്ച് പൊങ്ങുന്ന ജലബിന്ദുക്കളാകുന്ന മുത്തുമണികൾ അവിടെ ചക്രവാകത്തിന് ആഭരണമായിത്തീരുന്നുവെന്നു കല്പന.

41—കണ്ണിപ്പായി=കണ്ണിപ്പായൽ. (പാചി എന്ന തമിഴ്രൂപത്തിൽ നിന്നു് പായി എന്ന പദം.) പായൽ എന്നു് ആധുനികരൂപം. പദ്മഷണ്ഡേ = താമരക്കൂട്ടത്തിൽ. വണ്ടിൻ ചാത്തു്=വണ്ടിൻകൂട്ടം. കളകളശബ്ദത്തോടെ, മിളതു്=മേളിക്കുന്ന. സാരസങ്ങളുടെ=വെള്ളിൽ പക്ഷികളുടെ. ആരാവം കൊണ്ടു് = ശബ്ദംകൊണ്ടു് മനോഹരമായിരിക്കുന്ന; നന്തിയാററിന്റെ വിശേഷണം.

42—നന്തിയാററിന്നു ശേഷം പുറയാറാണു്. തൃപ്പറയാറാണെന്നു തോന്നുന്നു. താർമാതു്=ലക്ഷ്മീദേവി. പാർവനിത=ഭൂമി.

43—കമലാവല്ലഭം=കമലാവല്ലഭനെ=വിഷ്ണുവിനെ. ഇരണ്ടൊട്ടവും=രണ്ടു വശവും.

44—തിക്കാരം=ധിക്കാരം. തീപ്പിതർ = തീപ്പൊരി. അന്വമേടം=വസിക്കുന്ന സ്ഥലം.

45—കാടും=വനങ്ങളും, കാട്ടിൽ ചില മൃഗങ്ങളും, മിക്ക=വർദ്ധിച്ച, കാക്കത്തുരുത്തിത്തോടും, പിന്നിട്ടു്, ഇതവിയ=ഭംഗിയുള്ള. തിരുപ്പോർക്കളം കണ്ടു കണ്ടു് സുന്ദരിമാരുടെ കളി ധാരാളമായുള്ള ആ ചാടിയാണ്ടാൻ കുളത്തിന്റെ, വാമേൽക്കൂടെ=ഇടത്തു വശത്തുകൂടെ, തദനു=പിന്നീടു്. ഗുണകാഭ്യാശഭൂമിം=തൃക്കണാമതിലകത്തിന്റെ അടുത്തുള്ള ഭൂമിയെ. ഭജേഥാഃ=ഭജിച്ചാലും=പ്രാപിച്ചാലും.

46—അപ്പാൽ=അപ്പുറം. തവ=നിനക്കു്. മതിലകം=തൃക്കണാമതിലകം. കാണലാം=കാണാം. കാന്തിലക്ഷ്മിയുടെ ദർപ്പം കൊണ്ടു്=അഹങ്കാരം കൊണ്ടു്, ഉദഞ്ചത്തുകളായ=പ്രൗഢിയുള്ള, തരുണന്മാരെക്കൊണ്ടും തരുണിമാരെക്കൊണ്ടും സങ്കുലമായ, ഉത്തുംഗസൗധത്തോടു്=ഉയർന്ന മാളികയോടു കൂടിയതും, ഈരേഴുലോകവും പരികലതയിൽ വച്ചു് തുള്ളിക്കുന്നതിനു്, വല്ലും=സാമർത്ഥ്യവുമുള്ള, പൊൽപ്പൂവാണൻ തിരുവടി=കാമൻ, പുറംകാവൽ കാക്കുന്ന സ്ഥലമാണു്.

47—ചെൽവം=ഐശ്വര്യം. കുണക=തൃക്കണാമതിലകം. ഇതവിയ=ഹിതമായ. പുരാരേഃ പെരുങ്കോയിൽ=പുരാരിയുടെ=

032:148
...VERSITY LIBRAR...

ശിവൻെറ, പെരിയ അമ്പലം. അല്ലിത്താർമൽക്കുഴലികൾ=സുന്ദരിമാർ. കുരാൽക്കണ്ണരെ = പിങ്ഗളാക്ഷനെ, ശിവനെ. മല്ലക്കണ്ണിൻ=മനോഹരമായ കണ്ണിൻെറ. മല്ലൽക്കണ്ണ് എന്നു പൂർണ്ണരൂപം. മല്ലൽ മനോഹരമായ. മലർവില്ലാളിയെ=കാമദേവനെ. തേറുമേടം=ആശ്വസിപ്പിക്കുന്ന സ്ഥലം. തേറുക=ആശ്വസിപ്പിക്കുക.

48—തൃക്കണാമതിലകത്തെ ദേവനെ, ദ്വിജന്മാൎക്ക്=ബ്രാഹ്മണൎക്ക്, പക്ഷികൾക്ക്. കാണാനരുത്=കാണാൻ പാടില്ല. ദ്വിജന്മാൎക്കു തൃക്കണാമതിലകത്തു തമ്പുരാനെ കാണാൻ പാടില്ലെന്നു പറഞ്ഞിരിക്കുന്നതിൻെറ കാൎയ്യം വ്യക്തമല്ല. (ആദികാലത്ത് തൃക്കണാമതിലകം ബുദ്ധവിഹാരമായിരുന്നതുകൊണ്ട് അവിടെ ബ്രാഹ്മണർ കേറാതിരുന്നോ എന്നു സംശയിക്കണം.) അമ്പലത്തിനടുത്ത് ഉള്ള അങ്ങാടിയെപ്പററിയാണ് ഉത്തരാൎദ്ധം. വാണിയക്കാരർ=കച്ചവടക്കാർ. വാണിയം വാണിജ്യം=കച്ചവടം.

49—അഭ്രധ്വാനംപോലെ=മേഘനാദംപോലെ. ഉദ്ഭടമായ=ഭയങ്കരമായ. വെടിയുടെയും, നിഷാണാരവത്തിൻെറയും=ഢക്കാനാദത്തിൻെറയും, ആഭോഗംകൊണ്ട്=വലിപ്പംകൊണ്ട്, ഭീമം=ഭയങ്കരമായ മാറെറാലി കേൾക്കാം എന്ന് അൎത്ഥം. ഏറാനാട്=ഏറാംനാട്=ഏറാംപ്പാടിലെ നാട്. ത്രാസാവഹം=ഭയങ്കരം. അസുഹൃത്തുകൾക്ക് ത്രാസാവഹവും, എമ്മിളാൎക്ക്=നമ്മൾക്ക്. ആൎത്തിഹാരിയും=സന്താപം ഇല്ലാതാക്കുന്നതുമാണ്, ഏറാനാട്ടിലെ തമ്പുരാൻെറ അവിടെ കേൾക്കാവുന്ന പടപ്പുറപ്പാടിൻെറ ശബ്ദം.

50—50 മുതൽ 52 വരെ ശ്ലോകങ്ങൾക്ക് ഏകാന്വയം. അളിയരാർ=ശത്രുക്കൾ? വാങ്ങിനാ=പിൻവാങ്ങി. തപനവിഗമേ=സൂൎയ്യാസ്തമയത്തിൽ. ക്രുത്ത=ക്രുദ്ധതാടിയ. മിന്നാമിനുങ്ങിൻ കീടച്ഛായാം=മിന്നാമിനുങ്ങ് ആകുന്ന കീടത്തിന്റെ ഛായയെ. രിപൂൻ=രിപുക്കളെ=ശത്രുക്കളെ. ജേതുകാമം=ജയിക്കുന്നതിനു ആഗ്രഹമുള്ള.

51—അടലാക്കോട്ട=അടലാരുടെ കോട്ട. അടലാർ=എതിരാളികൾ. ദിഗ്വധൂകേശബന്ധേ=ദിക്കാകുന്ന വധുവിന്റെ തലമുടിക്കെട്ടിൽ. നെടുവിരിപ്പിലെ വീരസിംഹത്തെപ്പററി പറയുന്നു. നെടുവിരിപ്പ് = കോഴിക്കോട്ടുരാജ്യം. പാർമുട്ടെത്താങ്ങിന്= ലോകത്തെ മുഴുവൻ താങ്ങുന്ന.

52—ഉർവീപാലോത്തമം = രാജശ്രേഷ്ഠനെ = സാമൂതിരിപ്പാടിനെ. ഉപാന്തേ = സമീപത്തിൽ. പിന്നീട് സർവാദിത്യൻചിറ നിഷേവ്യം=സേവിക്കപ്പെടേണ്ടതാണെന്നു പറയുന്നു. ഊഢോല്ലാസം=ഊഢമായ ഉല്ലാസത്തോടുകൂടി. ഉല്ലാസത്തെ വഹിച്ചുകൊണ്ട് എന്നു ശബ്ദാർത്ഥം; തളിയില്=തളിയിൽ ക്ഷേത്രത്തിൽ. നാലാം വരിയുടെ ശുദ്ധപാഠം കിട്ടാത്തതുകൊണ്ട് അർത്ഥബോധം ക്ലിഷ്ടമാണ്.

53—കൊന്റത്തെങ്ങില്=കൊന്നത്തെങ്ങിൽ. കിടങ്ങൂർ ചിറയ്ക്കലുള്ള കൊന്നത്തെങ്ങുകളിൽ കിളികൾ കളിയാടുന്നു എന്നു പറയുന്നു. ചെറുമികൾ=പുലയസ്ത്രീകൾ. ചെറുമികളുടെ സംഭാഷണം അവിടെ കേൾക്കാമെന്നു പറയുന്നു.

54—ചില പുരഹരന്മാരെ=ശിവന്മാരെ, കാണുക എന്നു പറഞ്ഞിരിക്കുന്നു. പുരഹരന്മാരെന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം സ്പഷ്ടമല്ല. പുരദ്രോഹികളായിട്ടുള്ള ആരെ എങ്കിലും കൂടി പരാമർശമുണ്ടോ എന്ന് ആലോചിക്കാവുന്നതാണ്. കുണകയും വഞ്ചിയുംകൂടെ വാണ് എന്നുള്ളതിൽ നിന്നും തൃക്കണാമതിലകവും തിരുവഞ്ചിക്കുളവും അടക്കി ഭരിച്ചിരുന്നതായി മനസ്സിലാക്കാം. തെണ്ടിക്കിന്റോ=തെണ്ടിക്കുന്നവരായ.

55—മത്തുമലർ=മധുവുള്ള മലർ. ദേവാരീണാം=ദേവന്മാരുടെ ശത്രുക്കളുടെ വപുഷി=വപുസ്സില്=ശരീരത്തിൽ. ചോരിയാം വാരിരാശൗ=ചോരയാകുന്ന കടലിൽ. നാവാകുന്ന=നാക്കാകുന്ന, ഔർവ്വാനലശിഖാ=ബഡവാഗ്നിജ്വാല. മാകാളി=മഹാകാളി. അസുരന്മാരുടെ ശരീരത്തിൽ നിന്നൊഴുകുന്ന ചോരക്കടലിൽ മഹാകാളിയുടെ നാക്ക് ബഡവാഗ്നിപോലെ ഉജ്ജ്വലിക്കുന്നു എന്നു കല്പന.

56—വട്ടച്ച്=വൃത്താകാരമായ. ത്തുടമെഴും=ത്തുടുത്ത ഇളന്നീർ=കരിക്ക്. ദനുഭുവാം=ദനുജന്മാരുടെ=അസുരന്മാരുടെ. ചോരിവെള്ളം= ചോരയാകുന്ന വെള്ളം. പിബന്തീം=പാനം ചെയ്യുന്നവളെ. ചെകിറ്=ചെള്ള. ഈ പദ്യത്തെ 'കച്ചയെല്ലാക്ക കതിനെ മുറിച്ച്' എന്നു തുടങ്ങുന്ന ഉണ്ണുനീലീസന്ദേശപദ്യവുമായി താരതമ്യപ്പെടുത്തുക.

57—ഖട്വാങ്ഗം=ഒരററത്തു തലയോടു വച്ച് ഉറപ്പിച്ചിട്ടുള്ള ഗദ. അസുരാൻ=അസുരന്മാരെ. മർദ്ദയന്തീ=മർദ്ദിക്കുന്നവൾ.

58—ഭുവനജനനീം=ഭുവനങ്ങളുടെ ജനനിയെ. സകല സമ്പത്തു കൾക്കും കർത്താവായ സിംഹപുരമമരുന്ന ദേവദേവനെ. ഗതാ =ഃപോയിട്ട്. അസ്തം ഭാനൗ വിശതി=സൂൎയ്യനസ്തമിക്കുമ്പോൾ.

59—മാററാർ=ശത്രുക്കൾ. കുതരും=കിഴിഞ്ഞിറങ്ങുന്ന (കത്തുന്ന). ചോരിച്ചാററാൽ=രക്തജലത്താൽ. ഉരുഭുജസ്തംഭങ്ങളാൽ= ശക്തിയുള്ള കൈകളാൽ, ഗംഭീരസാരനായിട്ടുള്ളവൻ. കോറേറ നോലും മൊഴികൾ=ഃകാൽത്തേനൊഴുകുന്ന വാക്കോടുകൂടിയ വർ. മലർവില്ലാളി=കാമദേവൻ. സുന്ദരിമാൎക്ക് കാമദേവൻ എന്നു സാരം. മാടമന്നൻ=ഃകൊച്ചീരാജാവ്. ക്രററാർ= ബന്ധുക്കൾ.

60—അലർശരന്=കാമന്. പൊരിൾക്കൊൾകിൽ=ഓൎമ്മിക്കിൽ. (പൊരുളിനെ കൊള്ളുക=അൎത്ഥം ഗ്രഹിക്കുക എന്ന് ഭാവം). പൊരുത്തം പറയുക=സന്ധിപറയുക.

61—വൈതാളികതതി= സ്തുതിപാഠകന്മാരുടെ ക്രട്ടം. വലത്തിട്ട്= വലംവച്ച്.

62—ചരമക്ഷ്മാഭൃതഃ=അസ്തമയപൎവ്വതത്തിന്റെ, അണിയുന്ന പൊൻ തകിട്; വ്യോമലക്ഷ്മീ=ആകാശലക്ഷ്മി, വാടാമാലക്കുഴലിൽ= വാടാത്ത മാല അണിയുന്ന തലമുടിയിൽ. അണിയുന്ന= ചൂടുന്ന. ബാലമാണിക്യഖണ്ഡം. ഇതു രണ്ടും അസ്തമയ സൂൎയ്യനെപ്പററിയുള്ള ഉല്ലേഖം. തന്റെ കൊടിയ വെയിൽ തനിക്കു തന്നെ സഹിക്കാൻ വയ്യാതെ, ആ സൂൎയ്യൻ കടലിൽ

ചെന്നു വീഴുന്നു എന്നു സാരം. ഫേലയാ=കളിയായി. ഭാനുമാലി=സൂൎയ്യൻ.

63—അപരജലധൗ=പടിഞ്ഞാറേ സമുദ്രത്തിൽ. ഭാനുമന്തം=സൂൎയ്യനെ. നളിനികൾ=താമരപ്പൊയ്കകൾ. കനക്കെക്കൊഴപ്പെട്ടാ=ദുഃഖിച്ചു. ആശാമുഖങ്ങളെ ഇരുട്ടിച്ചു=കറുപ്പിച്ചു. ഉത്തരാൎദ്ധത്തിന്റെ അൎത്ഥം വ്യക്തമല്ല. സൂൎയ്യൻ അസ്തമിക്കുന്നതു കണ്ടിട്ടു നളിനികൾ ദുഃഖിച്ചു. അവയിൽ നിന്നു തേൻ കുടിച്ചുകൊണ്ടിരുന്ന വണ്ടു് ആഴക്കോളം തേൻ കുടിച്ചിട്ടു്, ശേഷം ആഴക്കോളം തേൻ അതിൽ നില്ക്കുന്നതു കണ്ടു് വ്യാകുലതയോടു് ആൎത്തു പാടുകയും ചെയ്തു. അളികുലം=അളിച്ചാൎത്തു്. പുനരുക്തവദാഭാസം. അളികുലം=അളിയുടെ കൂട്ടം. അളിച്ചു്=ആൎത്തു- മധുരമായി ശബ്ദം പുറപ്പെടുവിച്ചു്.

64—പൃനലിൽ=വെള്ളത്തിൽ. താർവാടികളിൽ=പൂന്തോട്ടങ്ങളിൽ. ചാമ്പി=മയങ്ങി. പൂമ്പരാഗം=പൂമ്പൊടി. ഓമ്പിച്ചുങ്ങി=തലോടി ചുളുങ്ങി. (ശരീരം തേച്ചു ചുളുക്കിക്കൊണ്ടു് എന്നൎത്ഥം.) പൂങ്കാവുകളിൽ ചാമ്പി=വരിവണ്ടുകളെ മണ്ടിച്ചുകൊണ്ടു്. ആമ്പൽപൊയ്കകളിൽ നിന്നു പൂമ്പൊടിയും പേറി, കുളിക്കാൻ ദേഹം തേച്ചു വെള്ളത്തിൽ മുങ്ങുന്ന സുന്ദരിമാരുടെ തലമുടിയിൽനിന്നും സൗരഭ്യം വഹിച്ചുകൊണ്ടു സന്ധ്യാമാരുതൻ വീശുന്നു എന്നു സാരം.

65—ചന്ദ്രബിംബത്തെപ്പററി ഉല്ലേഖം. അഭ്രമാകുന്ന=ആകാശമാകുന്ന, പുഷ്കരിണിയിലെ. രക്താംഭോജം=ചെന്താമരപ്പൂവും, രാത്രിയാകുന്ന കൃശഗാത്രിയുടെ സുന്ദരതരുണിയുടെ, ഘുസൃണതിലകം=സിന്ദൂരപ്പൊട്ടും, മുക്കണ്ണന്റെ=ശിവന്റെ, കൺമുനയിൽ ഉരുകുന്ന, അങ്ഗജന്റെ=കാമദേവന്റെ, അങ്ഗാരചക്രം=കരിക്കട്ടവും, ചക്രാകൃതിയിലുള്ള അങ്ഗാരവും=കരിയും. തികെട്ടിന്നും=എട്ടു ദിക്കിന്നും. ചുടരണി=ശോഭയുള്ള, വിളക്കമായ=മനോഹരമായ, ചന്ദ്രബിംബം, നമുക്കു്, അക്ഷ്ണാം=കണ്ണുകൾക്കു്, പ്രീതിയെ ഉണ്ടാക്കുന്നു.

66—ചകോരങ്ങൾ=ഉപ്പൻപക്ഷികൾ. ഈ ഭൂമിയാകുന്ന തളികയിൽ നിലാവായ പാൽക്കഞ്ഞി വീഴ്ത്തിയിട്ട്, അതിൽ, കൂട്ടവേട്ടി=കൂട്ടവേണ്ടി=കൂട്ടുന്നതിനു്. ഉപ്പ് ഉപ്പ് എന്നു് ചകോരങ്ങൾ പറയുന്നു. ഇത്ഥം മത്വാ= എന്നു വിചാരിച്ചിട്ടു്, പയോധി=സമുദ്രം. വീചിഹസ്തൈഃ=തിരമാലകളാകുന്ന കൈകളാൽ, ലവണസലിലം=ഉപ്പുവെള്ളത്തെ, ഉയർത്തി പയോധി=കടൽ, ചുഴലപ്പോന്നു പൊങ്ങി. പ്രത്യാസന്നേ ശശിനി=ചന്ദ്രൻ ഉദിച്ചപ്പോൾ എന്നർത്ഥം. ചന്ദ്രോദയത്തിൽ ചകോരങ്ങൾക്കും സമുദ്രത്തിനുമുള്ള ഭാവഭേദം പ്രസിദ്ധമാണു്. ചകോരം ചന്ദ്രികയെ പാൽക്കഞ്ഞിപോലെ കുടിക്കുന്നു. ചന്ദ്രോദയത്തിൽ സമുദ്രം വേലിയേററം കൊള്ളുന്നു. ഉപ്പൻപക്ഷികൾ "ഉപ്പ് ഉപ്പ്" എന്നു ശബ്ദിക്കുന്നതു് നിലാവായ പാൽക്കഞ്ഞിയിൽ ചേർക്കാൻ ഉപ്പു് ചോദിക്കുകയാണു് എന്നു് ധരിച്ച് സമുദ്രം തിരമാലയാകുന്ന കൈയ്കൊണ്ടു് ഉപ്പുവെള്ളത്തെ പൊക്കിക്കാട്ടികൊടുക്കുന്നു.

67—മൂവന്തി = ത്രിസന്ധ്യ. ശ്രീബലിമഹം = ശ്രീബലി ഉത്സവം. പ്രാരബ്ധേ = തുടങ്ങുമ്പോൾ. കുത്രാപി = എവിടെയെങ്കിലും. കൊറ്റക്കുട=രാജകീയമായ കുട. ദന്താവളത്തിൻെറ=ആനയുടെ. ഗളതടത്തിൽ=കഴുത്തിൽ. ആരൂഢനായ. ഏണാങ്കചൂഡം=ശിവനെ.

68—ഓലക്കം ചേർന്ന=ഭംഗിയുള്ള. അണിവെൺചായൽ=ഭംഗിയുള്ള തലമുടി. ചാമ്പീടിന=മയങ്ങുന്ന. കയൽവരിക്കൺവിലാസങ്ങൾ=കയൽമീനിൻെറ വരിപോലെയുള്ള കൺവിലാസങ്ങൾ. പൊങ്ങ=പൊങ്ങുമ്പോൾ. ഇരണ്ടൊട്ടവം=രണ്ടുവശവും.

69—കാന്താവിരഹവിധുരഃ=ഭാര്യയുടെ വേർപാടുകൊണ്ടു് ദുഃഖിതൻ. സപ്രത്യാശം=പ്രതീക്ഷയോടേ. സ്വപ്രേയസ്യാ=തന്റെ പ്രേയസിയോടു്. ഉഷാവർണ്ണനം=പ്രഭാതവർണ്ണനം. ത്വേ കേൾക്കലാം=നിനക്കു കേൾക്കാം.

70—ഹരിഹയഹരിച്ചക്രം=ഇന്ദ്രൻെറ ദിഗ്ഭാഗം. കിഴക്കേ ദിക്ക്. വെങ്ങാലിപ്പൂ=വെങ്ങാലിയുടെ പൂവ്. താരാനികരം=നക്ഷത്രക്കൂട്ടം. നങ്ങ=മങ്ങി. (നരുങ്ങി). അണിവെൺതിങ്കൾ=മനോഹരമായ വെളുത്ത ചന്ദ്രൻ. അസ്താദ്രിശൃംഗേ=അസ്തപർവ്വതത്തിൽ.

71—പുലരിവഴിവെള്ളാട്ടി=പ്രഭാതമാകുന്നവഴിവെള്ളാട്ടി. വെള്ളാട്ടി=ദാസി. ഭാനോഃ=ഭാനുവിൻെറ=സൂൎയ്യൻെറ. ഭാനുക്കളെന്നും, പൊന്നിൻചൂൽകൊണ്ടു്=രശ്മികളാകുന്ന തങ്കച്ചൂലുകൊണ്ടു്. ഇരുളംമയമായ=ഇരുട്ടിന്റെ രൂപത്തിലുള്ള, അടിക്കാട്ടു്=ചപ്പുംചവറും, അടിച്ചുനീക്കി. ഭംഗിയായ ഗഗനഭവനത്തിൻെറ=ആകാശമാകുന്ന മന്ദിരത്തിൻെറ, ചുററുമുള്ള മുററത്തു് തളിക്കുന്നതിനു്, അംഭോരാശൗ=കടലിൽ. ശശധരം=ശശധരനാകുന്ന, കുടത്തെ, മുക്കിന്റവാറു്കാൺക=മുക്കുന്നപോലെ, കണ്ടാലും. സ്വഭാവസരസമായ ഒരു ആശയം.

72—അന്ധധ്വാന്താടവിയെ=കൂരിരുട്ടാകുന്ന കാടിനെ ചുട്ടുപൊട്ടിച്ചു്. ശാന്തമായ സന്ധ്യാദാവേ = സന്ധ്യയാകുന്ന കാട്ടുതീയിൽ. വളവിയ=എഴുന്ന, നിലാവായ വെണ്ണീറു് അടങ്ങ. വെളുത്ത മേഘങ്ങളാകുന്ന (കാളകളെക്കൊണ്ടു്) ഉഴുതു്, പകലാകുന്ന വിത്തുകൊണ്ടു് വിതച്ചു്, അംശുമാനായ = സൂൎയ്യനാകുന്ന, ചെന്നെല്ലിൽ, കതിർനിര = നെല്ലുകതിരെന്നും രശ്മി എന്നും അൎത്ഥം. പുറപ്പെട്ടപോലെ. വിഭാതി=ശോഭിക്കുന്നു. മലയിലേ നെൽകൃഷിയെ ഓൎമ്മിപ്പിക്കുന്ന അലങ്കാരവൎണ്ണന.

73—സൂൎയ്യോദയത്തെപ്പററി മനോഹരമായ ഉല്ലേഖം. മിക്ക=മികച്ച. ശൈലാധിപത്യേ=പൎവ്വതങ്ങളുടെ അധിനായകപദവിയിൽ, നില്ക്കുന്ന, പൂൎവ്വാചലത്തിൻെറ=കിഴക്കേ പൎവ്വതത്തിൻെറ, മകുടത്തിലേ=കിരീടത്തിലേ, മാണിക്യരത്നപ്രവേകഃ=ശ്രേഷ്ഠമായ മണിക്യരത്നവും, ശച്യാഃ=ശചീദേവിയുടെ, കല്പദ്രുമത്തിലേ കിസലയാപീഡം=തളിരാകുന്ന ആഭരണംപോലെ ഉള്ളതും, കിഴക്കേ ദിക്കാകുന്ന പെണ്ണിൻെറ മാറിടത്തിൽ വിലസുന്ന താലിയുമായ, ബാലാൎക്കബിംബം=കട്ടിസൂൎയ്യൻ; മുല്പാട്ടു്=

മുമ്പിൽ. ഉദയതേ=ഉദിക്കുന്നു. അച്ഛോ! എന്നു് അത്ഭുത ദ്യോതകമായ നിപാതം.

74—മലയശിഖരാൽ=മലയപർവ്വതത്തിന്റെ കൊടുമുടിയിൽനിന്നു്, പോന്നു്, ചൂർണ്ണിതരങ്ഗാൻ=പെരിയാററിലെ തിരമാലകളെ, ഭിന്ദൻ=ഭേദിക്കുന്നവനായിട്ടു്, ആന്ദോളിതമായ തളിവധൂമന്ദിരോദ്യാനവൃന്ദനായി=തളിയിലുള്ള വധുക്കളുടെ=സുന്ദരിമാരുടെ, മന്ദിരത്തിലെ ഉദ്യാനവൃന്ദങ്ങളെ ആന്ദോളനം ചെയ്യുന്നവനായി=ഇളക്കുന്നവനായി, ഇന്ദീവരമലരിൽ=കരിങ്കുവളപ്പൂവിൽ, തന്ദ്രിയെ=ആലസ്യത്തെ. ഉത്പാദയൻ=ഉണ്ടാക്കിക്കൊണ്ടും, മാധ്വീബിന്ദുക്കളെ പൊഴിച്ചുകൊണ്ടു്, ഏമവായു=ഹേമന്തമാരുതൻ=വിഹരതിതരാം=നല്ലവണ്ണം പ്രസരിക്കുന്നു.

75—തുയിലെഴ് = ഉറക്കമെണീററാലും. പുകണ്ണു്=പുകഴ്ന്നു്. വൈതാളികപരിഷദാം = സ്തുതിപാഠകന്മാരുടെ. ഗതഃ= പോയിട്ടു്. ബാലക്രീഡേശ്വരം ഏതെന്നു് വ്യക്തമല്ല.

76—ഭൂയഃ=വീണ്ടും. സംഭാവയ=സംഭാവനം ചെയ്താലും. വിയന്നെഴും ചേരമാന്നാട്ടു്=വിയനുള്ള ചേരമാൻ പെരുമാളിന്റെ നാട്ടു്. വിയൻ എന്നതിനു് വലിപ്പം, മേന്മ തുടങ്ങിയ അർത്ഥങ്ങളുണ്ടു്. (തമിഴ്ലെക്സിക്കൺ) വിജയം എന്ന വാക്കിന്റെ തദ്ഭവമായിരിക്കാം. ചില്ലിത്തുയത്തു്=ചില്ലിക്കൊമ്പത്തു്=അഗ്രഭാഗത്തു്, ആകുന്ന നൃപകുലപുരീം=രാജധാനിയെ, നിർജ്ജിതസ്വർഗ്ഗശോഭാം=സ്വർഗ്ഗത്തെ ജയിച്ച ശോഭയോടുകൂടിയ. കൊടുങ്ങല്ലൂരിന്റെ വർണ്ണന.

77—മാരക്രീഡാരഭസംകൊണ്ടു്=കാമക്രീഡാവേഗംകൊണ്ടു്, ജനിതമായ=ഉണ്ടായ, ഉദ്വേലമായ=കര കവിഞ്ഞ. ഖേദംകൊണ്ടു്, അലസകളായ, വാരസ്ത്രീണാം=വേശ്യകളുടെ, വളന്ന ഇളമുലയാകുന്ന കുന്നിൽ ഏറിക്കിടന്നു് ആ ശ്രമജലകണങ്ങളെ=വിയർപ്പുതുള്ളികളെ, വാരിക്കൊണ്ടു്. പൂഞ്ചോലയുടെ=മനോഹരമായ ജാലകത്തിലൂടെ. അനിലൻ പോകുന്നതു കണ്ടു്, അളികൾ=വണ്ടുകൾ, വിസ്മയാൽ=ആശ്ചര്യത്തോടേ.

78—പൊന്മാളികയുടെ മുകടിൽ നിന്നു്=മുകളിൽനിന്നു്. ആത്മബിംബം=തൻെറ ബിംബത്തെ. ചാപലപ്രൗഢി=ചാപല്യത്തിന്റെ പ്രൗഢി. മുക്തജ്യോത്സ്നാസ്മിതരുചി=ജ്യോത്സ്നയാകുന്ന = നിലാവാകുന്ന, പുഞ്ചിരിയുടെ ശോഭ പൊഴിച്ചുകൊണ്ടു്; ചമ്മാത്തു കാട്ടി=കൊഞ്ചനം കാട്ടി.

79—ആടിക്കാലത്തു്=കർക്കടകമാസത്തിൽ-മഴക്കാലത്തു്. അടമഴക്കാറു് = അടമഴ പെയ്യുന്നതിനുള്ള കാറു്. പരിയ=പരന്ന, കടലും, പൂർണ്ണിയാറും=പെരിയാറും.

80—ശ്രാവുമീൻ പിടിത്തം വർണ്ണിച്ചിരിക്കുന്നു. പാററിൻമേൽ=വള്ളത്തിൽ; പാറു്=വള്ളം. ചുറകുമീൻ=ശ്രാവു്.

81—പെരിയാററിനെ ഒരു നായികയായി വർണ്ണിച്ചിരിക്കുന്നു. തൂനീരെന്നും തുകിൽ=വെളുത്ത വെള്ളമാകുന്ന മുണ്ടു്. വീചിഹസ്തേന = തിരയാകുന്ന കൈകൊണ്ടു്. കണ്ടിപ്പൂരികുഴൽ = കണ്ടിയാകുന്ന-കരിഞ്ചണ്ടിയാകുന്ന തലമുടി. കയൽക്കണ്ണുലാവ =കയൽമീനാകുന്ന കണ്ണു് ഉലാവുമ്പോൾ. ആയാന്തീം താം ഉദധിദയിതാം = വരുന്നവളായ ആ ഉദധിദയിതയെ-കടലിൻെറ ഭാര്യയെ. ചേന്നപൂർവം മംഗലം=ചേന്നമംഗലം.

82—മാരിത്തക്കം=മഴയുടെ സൗകര്യം. ചൂഴം=ചുററും. മരചേറിട്ട=മരമടിച്ചു നിരത്തിയ. മരം=നിലം നിരപ്പു വരുത്തുവാനുള്ള ഉപകരണം. നെല്ലിഴാലിച്ചു്=നെല്ലു് ഇലാഴിച്ചു; ഇലാളിച്ചു് =ലാളിച്ചു എന്നതിന്റെ തദ്ഭവം. മൈത്രന്നു്=മിത്രമായ നിനക്കു് എന്നായിരിക്കാം.

83—വാഴപ്പുനം=വാഴപ്പറമ്പു്. പുനം=കൃഷി ചെയ്യാനുള്ള ഉയന്ന പ്രദേശം. ആർങ്ങാവിലൂടേ=ആർങ്ങാവു് എന്ന സ്ഥലത്തുകൂടെ. 'ചേരുമത്തിക്കിലൂടേ' എന്ന പാഠം ഉള്ളൂർ സ്വീകരിച്ചു കാണുന്നു. 'ആർങ്ങാവേക്കാം നവരം അയിരൂനന്റ്' എന്ന ഉണ്ണുനീലീസന്ദേശപരാമർശവും കാണുക. നൈതൽപ്പങ്കേരുഹങ്ങളുടെ = നൈതലിൻെറയും=ആമ്പലിൻെറയും, പങ്കേരുഹത്തിൻെറയും, പരിമളോദ്ഗാരിയായ, വാതംകൊണ്ടു്=കാററുകൊണ്ടു്, ഉത്തരംഗം=തിരയുള്ള. 'നിർവ്വൃത് പങ്കേരുഹം' എന്ന പാഠാന്തരം.

84—വിപ്രവരന്മാർ = ബ്രാഹ്മണശ്രേഷ്ഠന്മാർ. മിക്ക = മികച്ച-ഐശ്വര്യമുള്ള. നാരീനരാഢ്യം=നാരികളോടും നരന്മാരോടും ചേർന്നതു്. ചീരു്=വലുപ്പം (പെരിയ).

85—ഗത്വാ=ചെന്നിട്ടു്. ചെൽവം=ഐശ്വര്യം. കുന്നിൻപുത്രിയുടെ =പാർവ്വതിയുടെ, വക്ത്രമാകുന്ന=മുഖമാകുന്ന അംബുജത്തിലെ, താമരയിലെ. മധുകരം=വണ്ടായ, ദേവദേവം = ദേവകൾക്കും ദേവനായ, പരമേശ്വരനെ എന്നർത്ഥം. നത്വാ=നമിച്ചിട്ടു്. ഭക്ത്യാ=ഭക്തിയോടു്. ക്വചന=ഒരിടത്തു്. അധ്വക്ലേശം= വഴി നടന്ന ക്ഷീണം.

86—കാലാരിയായ ശിവന്റെ വപുസ്സ്, തോഷണം=സന്തോഷകരവും, ഭീഷണം=ഭയങ്കരവും, ആണെന്നു പറയുന്നു. മൗലിദേശേ= ഉച്ചിയിൽ പ്രാലേയാംശുവിൽ നിന്നു് = ചന്ദ്രനിൽ നിന്നു്. പ്രഗളിതമായ=പുറപ്പെട്ട, സുധകൊണ്ടു് = അമൃതുകൊണ്ടു്, ശീതളം=തണുത്തതും, ഫാലേ=ഫാലത്തിൽ, ചാലക്കൊടിയ ദഹനജ്വാലയാ=തീജ്വാലകൊണ്ടു് താപ്യമാനം = തപിപ്പിക്കപ്പെടുന്നതും; ആലം=ഹാലാഹലം-വിഷം, വിങ്ങും= നിറഞ്ഞ ഗളത്തോടുകൂടിയതും, അഗസുതയുടെ=പാർവ്വതിയുടെ, ആലിംഗനംകൊണ്ടു്. ആബദ്ധസൗഖ്യം=സുഖമുള്ള കാലാരിയുടെ വപുസ്സ് എന്നർത്ഥം.

87—കുരാൽക്കണ്ണരെ=പിങ്ഗളാക്ഷനെ = ശിവനെ. മരക(ം)തത്ര പോവോരു നേരം. 'മുരുകെ തത്ര പോവോരു നേരം' എന്നു് ഉള്ളൂർപാഠം. 'മരകതത്ര' എന്നു ഗ്രന്ഥപാഠം. അർത്ഥം വ്യക്തമല്ല. പെരുവഴിയുടെ അടുത്തുള്ള പൂങ്കാവുതോറും പൈയ്യെ= വിശപ്പിനെ തീർക്കാൻ. അരുളുന്ന അളിനാം=വണ്ടുകളുടെ. വായിലെ പൂമലർത്തേൻ, പെയ്യ=പെയ്യുന്നതു, കാണാം.

88—കൂവീടപ്പാൽ=കൂവീടു ദൂരം അപ്പുറത്തു്. വള്ളുളിത്തമ്പുരാൻ എതു ദേവനെന്നു വ്യക്തമാകുന്നില്ല.

89—അർത്ഥം വ്യക്തമാകുന്നില്ല. വഴിപോക്കരായ ബ്രാഹ്മണരെപ്പറ്റി സൂചിപ്പിക്കുന്നതായി തോന്നുന്നു.

90—'വൈരം വേറാ' എന്നു് ഉള്ളൂർ പാഠം. പേരാ പേറാ' എന്നു ഗ്രന്ഥത്തിൽ. അർത്ഥം വ്യക്തമല്ല. കാമദേവനോടിടഞ്ഞിട്ടു്.

ഇടഞ്ഞു്=തോററു്. പാതി ശരീരം പാർവ്വതിക്കു കൊടുത്ത ശിവൻ എന്നു സാരം.

91—ആററുവാമേൽ=നദീമുഖത്തിന്റെ ഉപരിഭാഗത്തു്. പശ്യൻ=കാണുന്നവനായി.

92—നഭസി പതതാം ത്വാദൃശാം=ആകാശത്തിൽക്കൂടെ പോകുന്ന നിന്നെപ്പോലെയുള്ളവൎക്കു്, കാ കഥാ = എന്താണു കഥ? കൂടുതൽ എളുപ്പമാണെന്നു സാരം. (തൃക്കാക്കരെ മഹിഷാസുരമർദ്ദിനിയെക്കുറിച്ചു പരാമൎശിക്കുന്നു.) 'തൃക്കാൽ ആരെച്ചേരും' എന്നു് ഉള്ളൂർ പാഠം. മഹിഷമൂൎദ്ധാവിൽ തൃക്കാൽ ആരെച്ചേരുന്നതു് ലോകദുരിതത്തിനു സിദ്ധൗഷധം എന്നൎത്ഥം.

93—പ്രാലേയാദ്രൗ=ഹിമാലയപൎവ്വതത്തിൽ. മി(?)ഴില=സൗന്ദൎയ്യം.

94—ഇളമതിം=ഇളയചന്ദ്രനെ. (മുതൽക്കന്നി=ആദികന്യാഭഗവതി.) സ്തുത്വാ-സ്തുതിച്ചിട്ടു്. തൂർണ്ണം=പെട്ടെന്നു്. തദനു=പിന്നീടു്. പുകണക്കാവു് എവിടെ എന്നു് അറിയുന്നില്ല. പ്രയാഹി=പോയാലും. യത്ര=യാതൊരിടത്താണോ. വസതി=വസിക്കുന്നു. വസുധാവാസിനാം=ലോകവാസികളുടെ.

95—മഹിതമായ മലനാടാകുന്ന മണിച്ചെപ്പിൽ വച്ചിരിക്കുന്ന, പൂണാരം=ആഭരണം. താർവനിതയാകുന്ന വരിവണ്ടിന്നു്=ലക്ഷ്മിയാകുന്ന വരിവണ്ടിന്നു്. ഫുല്ലാരവിന്ദം=വികസിച്ച താമര. ക്ഷോണീപാലാവലി=രാജാക്കന്മാരുടെ കൂട്ടം. തിരയിടും,=കപ്പം കൊടുക്കുന്ന, തെന്തളിത്തമ്പുരാൻ=തെക്കൻതളിയിലെ തമ്പുരാൻ. (തെന്തളീശൻ=ദന്തളീശൻ എന്നു് ഇടപ്പള്ളി പ്രതിഷ്ഠയുടെ പേരുണ്ടു്.)

96—വസു=സമ്പത്തു് (മഹാവാഹിനീ = പെരിയാറു്.) പാൎശ്വഭാഗത്തിലുള്ളതും; സ്വൎഗ്ഗത്തിന്റെ പക്ഷത്തിൽ ഗംഗയുള്ളതെന്നും അൎത്ഥം. ഇന്ദ്രാണീകൃതപരിചയകളായ സ്ത്രീകളാൽ സേവിക്കപ്പെടുന്നതും. ആനന്ദിതമായ ബുധകുലത്തോടു്=വിദ്വാന്മാരോടു കൂടിയതും. ജയന്താത്തരാഗാതു്=ജയന്തനാൽ ആത്തമായ രാഗംകൊണ്ടു്. സ്വൎഗ്ഗപക്ഷത്തിൽ ജയന്തൻ=ഇന്ദ്രപുത്രൻ. ദേവേന്ദ്രനാൽ ഭൂമണ്ഡലത്തിലേക്കു നയിക്കപ്പെട്ട തന്റെ പട്ടണംഎന്നപോലെ ഇടപ്പള്ളി [illegible]

171821
376/2
032:1,48
MUL
171821
UNIVERSITY LIB
- 4 SEP 1955